# ഒരിടം

# [illegible]

പി. കെ. നായർ

T62
N14

കേരള ബുക്ക് ഡിപ്പോ പ്രസിദ്ധീകരണം

# ദൈവം സ്നേഹമാണ്

നാടകം

★

പി. കെ. നായർ

1955

DHARMARAM COLLEGE LIBRARY, BANGALORE.
7174

ഒന്നാം പതിപ്പ്

വില: 8 ണ

കേരള ബുക്ക് ഡിപ്പോ

ഹസൂർ റോഡ് : കോഴിക്കോട്-1

അച്ചടി: എ. ആർ. പി. പ്രസ്സ്, കുന്നംകുളം.

# ഈ ചിത്രീകരണത്തെപ്പററി

ത്രികോണപ്രേമങ്ങളും പ്രേമനൈരാശ്യങ്ങളും ആത്മഹത്യകളും നിറഞ്ഞ നാടകങ്ങൾ കൈകാര്യം ചെയ്യുവാൻ കുട്ടികൾക്കിടവരികയെന്നതു വലിയൊരു നിർഭാഗ്യമാണു്. നമ്മുടെ ഭാഷയിൽ നന്നെക്കുറച്ചേ മററു വകുപ്പുകളിൽപ്പെട്ട നാടകങ്ങളുള്ളു. അതുകൊണ്ടു കിട്ടാനെളുപ്പമുള്ള നാടകങ്ങളെടുത്തു കുട്ടികളെ പഠിപ്പിക്കുകയെന്നതു സ്കൂൾ വാർഷികങ്ങളിൽ ഒരു പതിവായിത്തീർന്നിരിയ്ക്കുന്നു. വലിയവർക്കുവേണ്ടി വലിയതോതിൽ നിർമ്മിച്ച നാടകങ്ങൾ ചുമന്നു നമ്മുടെ ഇളംതലമുറ വിയർക്കുന്നതു കാണുമ്പോൾ ആർക്കും അലിവുതോന്നും. നമ്മുടെ ഇടയിലുള്ള മേലേക്കിട നാടകമെഴുത്തുകാരുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു പതിയാൻ ഇനിയും താമസിച്ചുകൂടാ. കുട്ടികൾക്കു് കൈകാര്യം ചെയ്യുവാൻ പററുന്ന കുറച്ചു നാടകങ്ങളെങ്കിലുമവർ നിർമ്മിച്ചു വിടണം.

ടോൾസ്റ്റോയിക്കഥകളുടെ പ്രശസ്തിയെപ്പററി ആരും ആരോടും ഒന്നും പറഞ്ഞുകേൾപ്പിക്കേണ്ടതായിട്ടില്ല. അവ ജനഹൃദയങ്ങളിൽ അത്രമാത്രം സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിയ്ക്കുന്നു. ഈ ചിത്രീകരണത്തിന്നു് ഉപയോഗപ്പെടുത്തിയതു് 'WHERE LOVE IS, GOD IS' എന്ന

വിശിഷ്ടകഥയാണു്. കഥാപാത്രങ്ങളെ നമ്മുടെ നാട്ടിനോടു ഇണങ്ങത്തക്കവിധം സൃഷ്ടിച്ചുവെന്നൊരു സ്വാതന്ത്ര്യം മാത്രമെ ഇവിടെ ദീക്ഷിച്ചിട്ടുള്ളു. അതൊരവിവേകമായോ എന്നറിഞ്ഞുകൂടാ. ആയെങ്കിൽ അതിനും മററു വൈകല്യങ്ങൾക്കും ദിവംഗതനായ ആ മഹാത്മാവിന്റെ പാവനാത്മാവു് മാപ്പുനൽകട്ടെ. കുട്ടികൾക്കു പ്രയോജനപ്പെടണമെന്നുദ്ദേശിച്ചാണിതു പ്രസിദ്ധീകരിക്കുന്നതു്. എത്രമാത്രം ആ ഉദ്ദേശം നിറവേറുമെന്നു ആരുകണ്ടു?

**മുരുകേശൻ**

ചെരുപ്പുകുത്തി. അറുപതു് കഴിഞ്ഞ വൃദ്ധനാണു്. ഭാര്യയുടേയും കുട്ടിയുടേയും മരണശേഷം ഏകനായി ജീവിക്കുകയാണു്.

**വൃദ്ധൻ**

അയൽപക്കത്തെ ഈശ്വരവിശ്വാസിയായ ഒരു സാധാരണക്കാരൻ. ദീർഘകാലത്തെ തീർത്ഥയാത്രയ്ക്കുശേഷം തിരിച്ചെത്തിയ മനുഷ്യൻ.

**തേവൻ**

തൂപ്പുകാരൻ. അയാളും കിഴവനാണു്.

**പിച്ചക്കാരി**

മദ്ധ്യവയസ്ക. കയ്യിൽ വളരെ പ്രായം കുറഞ്ഞ ഒരു കുട്ടി. കീറിപ്പറിഞ്ഞ ഒരു ശീലയിൽ പൊതിഞ്ഞിരിയ്ക്കുയാണു്. [തിരിച്ചറിയാൻ കഴിയാത്തവിധം ഒരു വലിയ ബൊമ്മയായാലും വിരോധമില്ല. അത്രയും ചെറിയ കുട്ടിയെ രംഗത്തു കൊണ്ടുവരാൻ പററില്ലെന്ന കാര്യം ഓർക്കേണ്ടതാണു്.]

**വൃദ്ധ**

പഴക്കച്ചവടം ചെയ്യുന്നവൾ.

**കുട്ടി**

പത്തു്പതിനാലു പ്രായം ചെന്ന ഒരു തെരുവുതെണ്ടി.

## രംഗം

## 1

[ചെരുപ്പുകുത്തിയായ മുരുകേശന്റെ വീട്ട്. മുരുകേശൻ വീട്ടിന്റെ വരാന്തയിലിരുന്നു ചെരുപ്പു തുന്നുകയാണ്. പണി തീൎന്ന ഏതാനും ജോടിചെരുപ്പുകൾ, കേടുപാടുകൾ തീൎക്കാൻവേണ്ടിവെച്ച പലമാതിരി ചെരുപ്പുകൾ, മുട്ടി, മേട്ടി, പഴയചാക്ക് എന്നിവകൾ മുരുകേശൻ ഇരിക്കുന്നതിനു ചുററം ചിതറിക്കിടക്കുന്നുണ്ട്. വലിയ വൃത്തിയൊ സൗകൎയ്യമൊ ഉള്ള വീടല്ല. നടുവിൽ ഒരു വാതിലും ഇരുപുറവും ഓരോ ചെറുജാലകങ്ങളുമുള്ള മുൻവശത്തെ ചുമരുമാത്രമെ പ്രേക്ഷകർ കാണുന്നുള്ളു. ചുമരിൽ ഒരു ഭാഗത്തു ഒരു വലിയ സഞ്ചിയും മറുഭാഗത്തു് ചെരുപ്പു തുന്നാനുപയോഗിക്കുന്ന തോലും തൂങ്ങിക്കിടക്കുന്നുണ്ട്. തോലിൽനിന്നു അവിടവിടെ മുറിച്ചെടുത്ത പാടുകൾ കാണാം. വരാന്തയിൽ മുരുകൻ ഇരിക്കുന്നതു് വാതിലിൽനിന്നു കുറേ മുമ്പോട്ടുമാറി വലത്തുവശത്തായിട്ടാണ്. മുരുകേശന്റെ ഇടത്തുവശത്തു അല്പംമാറി ഒരു പഴയ ബെഞ്ചും ബെഞ്ചിന്റെ പുറത്തു ഒരു ചെമ്പുകിണ്ടിയും മുറുക്കാൻപെട്ടിയുമുണ്ട്.

ക്ഷൌരം ചെയ്യാത്ത മുഖം, പാറിപ്പറന്ന തലമുടി, മുഷി ഞ്ഞ വസ്ത്രങ്ങൾ, വേദനയും നൈരാശ്യവും സ്ഫുരിയ്ക്കുന്ന നോട്ടം, കൃശമായ ശരീരം ഇതാണ് ചുരുക്കത്തിൽ മുരുകേശൻ. യവനി ക നീങ്ങുമ്പോൾ മുരുകേശൻ തിരക്കിട്ടു ചെരുപ്പു തുന്നിക്കൊണ്ടി രിയ്ക്കുന്നതാണ് കാണുന്നതു്]

മുരുകേശൻ

[തുന്നൽനിറുത്തി കൈകൾ രണ്ടും കുടഞ്ഞു ഒരു കോട്ടുവായി ടുന്നു. എന്നിട്ടു ശൂന്യതയിലേക്കു തുറിച്ചുനോക്കി ആരോടെന്നി ല്ലാത്തവിധം പിറുപിറുക്കുന്നു.] എന്തൊരു ജീവിതമാണി തു്! എന്നെമാത്രം ഈശ്വരനു വേണ്ട. ഈ വേദനകളൊ ക്കെ തിന്നുതീർക്കാൻവേണ്ടി ഞാൻ ജീവിക്കണമെന്നാ ണു നിശ്ചയം. വല്ലാത്തൊരു വാശിതന്നെ. ഒന്നിനൊരു തുണയില്ലാതെ, ഒന്നു വർത്തമാനം പറയാനോ, മുഖത്തോ ടുമുഖം നോക്കി ഇരിയ്ക്കാനൊ ഒരാളില്ലാതെ, എത്ര നാ ളിങ്ങിനെ കഴിച്ചുകൂട്ടും?........[കഠിനമായ വേദനയോടെ ചു ണ്ടു കടിച്ചമർത്തുന്നു.] മരിയ്ക്കുന്നില്ലല്ലൊ ഞാൻ. അതാണെ നിയ്ക്കു വിസ്മയം! ഈശ്വരാ........അല്ലെങ്കിൽ എന്തീ ശ്വരൻ? കുററം ചെയ്യാത്ത മനുഷ്യരെ അടിക്കടി ശി ക്ഷിയ്ക്കുന്ന ഈശ്വരനെ വിളിച്ചിട്ടെന്തുകാര്യം? ഇല്ല; ഞാനാപ്പേരുചൊല്ലി ഇനി വിളിയ്ക്കില്ല............

[കൺപുരികംകൂടി വെളുവെളുങ്ങനെ നരച്ചൊരു വൃദ്ധൻ കുനിച്ചുനി നടന്നുവരുന്നു. താടിയും തലയുമൊക്കെ നീട്ടീട്ടാണ്. വൃദ്ധൻ പതുക്കെ വന്നു ബഞ്ചിലിരിയ്ക്കുന്നു. മുരുകേശനറിയു ന്നില്ല.]

വൃദ്ധൻ

[മുരുകേശനെ നോക്കി അല്പമൊരമ്പരപ്പോടെ] അല്ലാ, ആരോടാ മുരുകേശ നീ പറയുന്നതു്.

മുരുകേശൻ

[ഞെട്ടിത്തിരിഞ്ഞു നോക്കി.] ഏ? ഇല്ല. ഒന്നുമില്ല.... ആരോടുമില്ല. [പരിഭ്രമം തെല്ലൊന്നു മാറി] ആര്? അമ്മാമനോ? എത്രനാളായി കണ്ടിട്ട്?

വൃദ്ധൻ

എത്രനാളെന്നാണോ ചോദിയ്ക്കുന്നത്? കൊല്ലങ്ങൾ തന്നെയായി. ഞാൻ പോയിട്ട് എട്ടുകൊല്ലം കഴിഞ്ഞു.

മുരുകേശൻ

എട്ടുകൊല്ലമോ?........

വൃദ്ധൻ

അതെ; എട്ടുകൊല്ലം.

മുരുകേശൻ

[വീണ്ടും ചെരുപ്പു തുന്നൽ തുടരുന്നു.] എവിടായിരുന്നു ഇതുവരെ?

വൃദ്ധൻ

പുണ്യസ്ഥലങ്ങളൊക്കെ സന്ദർശിച്ചു. തീർത്ഥയാത്രചെയ്താൽ മനസ്സും ശരീരവും നന്നാവും. ഒരല്ലലും അലട്ടും ഇല്ലല്ലോ. എത്തിയ സ്ഥലത്തു കിടക്കും. കിട്ടിയ സ്ഥലത്തു ഉണ്ണും. ആരോടും ഒരു മമതയില്ല. കാലു കുഴയുന്നവരേ നടക്കും. കുഴഞ്ഞാൽ കിടക്കും. ക്ഷീണം തീർന്നാൽ പിന്നേയും നടക്കും. അങ്ങിനെ എട്ടുകൊല്ലം നടന്നു.

മുരുകേശൻ

അമ്മാമൻ ഭാഗ്യവാനാണ്.

**വൃദ്ധൻ**

അതയതെ. സംശ്യല്ല. ഞാൻ ഭാഗ്യവാനാണു്. എനിയ്ക്കിപ്പഴ് എല്ലാം ഒന്നാണു് ഒരു വ്യത്യാസമില്ല. എല്ലാനാട്ടം ഒന്നു്. എല്ലാമനുഷ്യരും ഒന്നു്. സ്നേഹിക്കാനല്ലാതെ ദേ്വഷിക്കാൻ ഒരു കാരണം കാണുന്നില്ല. ആട്ടെ, അതൊക്കെ വിസ്തരിച്ചുപറയാം. നിനക്കെന്തു മാററമാണു് വന്നുപോയതു്?

**മുരുകേശൻ**

[ഒന്നും മിണ്ടാതെ വൃദ്ധൻെറ മുഖത്തു മിഴിച്ചുനോക്കുന്നു.]

**വൃദ്ധൻ**

നീ കണ്ടാലറിയാത്തവിധം മാറിയിരിക്കുന്നു.

**മുരുകേശൻ**

എങ്ങിനെ മാറാതിരിയ്ക്കും?

**വൃദ്ധൻ**

നീ പറയുന്നതെനിയ്ക്കു മനസ്സിലാവായ്കയല്ല. എന്നാലും ചോദിയ്ക്കട്ടെ, നിൻെറ ആ പഴയ ഈശ്വരവിശ്വാസം ഇന്നും നിന്നിലില്ലേ? എങ്കിൽ നീയിങ്ങിനെ മാറാൻ കാരണമില്ല.

**മുരുകേശൻ**

[വിഷാദംപൂരണ്ട ചിരിയോടെ] അമ്മാമൻ ഈശ്വരവിശ്വാസത്തെപ്പററിയല്ലേ ചോദിച്ചതു്? ഇല്ലമ്മാമാ, ആ വിശ്വാസംമാത്രം എനിയ്ക്കിന്നില്ല.

**വൃദ്ധൻ**

എന്തു്? [അമ്പരക്കുന്നു.]

**മുരുകേശൻ**

വേണ്ടേടത്തോളം ഞാൻ വിശ്വസിച്ചു. അതിനുമാത്രം പ്രതിഫലം എനിയ്ക്കു കിട്ടുകയും ചെയ്തു.

വൃദ്ധൻ

നീയെന്താണിപ്പറയുന്നതു്?

മുരുകേശൻ

മനസ്സിലാവില്ലമ്മാമാ; ചില്ലറക്കാൎക്കൊന്നും ഞാൻ പറയുന്നതു മനസ്സിലാവില്ല. ആട്ടെ, ഞാനമ്മാമനോടൊന്നു ചോദിയ്ക്കട്ടെ.

വൃദ്ധൻ

എന്താണു്?

മുരുകേശൻ

ചെരുപ്പു കുത്തുന്നതു പാപമാണോ?

വൃദ്ധൻ

അല്ല.

മുരുകേശൻ

കഠിനമായ ചൂടിൽക്കൂടി നടക്കേണ്ടിവരുന്നവൎക്കു പാദരക്ഷയുണ്ടാക്കിക്കൊടുക്കുന്നതും പഴയവ കേടുപാടു തീൎത്തുകൊടുക്കുന്നതും പാപമല്ലെന്നു അമ്മാമനു തീൎച്ചയില്ലേ?

വൃദ്ധൻ

ഉണ്ടു്.

മുരുകേശൻ

പിന്നെ, ദേവാലയത്തിൽ പോകുന്നതും പ്രാൎത്ഥിയ്ക്കുന്നതും പാപമാണോ?

വൃദ്ധൻ

[അമ്പരപ്പോടെ] നീയെന്തൊക്കെയാണീ ചോദിയ്ക്കുന്നതു് മുരുകേശാ?

മുരുകേശൻ

ഇതൊന്നും പാപമല്ലെന്നു അമ്മാമനറിയാം. എന്നാൽ പിന്നെ ഈശ്വരനെന്നെ ശിക്ഷിക്കുന്നതെന്തിനു്?

വൃദ്ധൻ

ആരുപറഞ്ഞു നിന്നെ ഈശ്വരൻ ശിക്ഷിക്കുന്നുണ്ടെന്നു്?

മുരുകേശൻ

ആരെങ്കിലും പറയണോ? എൻെറ അനുഭവത്തിൽ നിന്നു എനിയ്ക്കറിയാമല്ലോ. മററൊക്കെപ്പോട്ടെ, ഈ ജീവിതം മടുത്തു്, മരിച്ചാൽ മതിയെന്നുതോന്നീട്ടു് ആ ആഗ്രഹംകൂടി ഈശ്വരനെനിയ്ക്കു നിറവേററിത്തരുന്നില്ല. ഇതു് ശിക്ഷയല്ലെങ്കിൽ മറെറന്താണു്?

വൃദ്ധൻ

എന്തൊക്കെ തീരുമാനങ്ങളാണിതു്? ഈശ്വരൻെറ പ്രവൃത്തിയുടെ ഉദ്ദേശം ഇന്നതെന്നു തീരുമാനിയ്ക്കാൻ നമ്മളാരാണു്?

മുരുകേശൻ

അമ്മാമാ, എനിയ്ക്കെന്തിനാണു് ഇനിയീ നാറിപ്പൊളിഞ്ഞ ജീവിതം? ഇതവസാനിപ്പിച്ചുതരണേ, എന്നു് ഞാൻ പ്രാൎത്ഥിയ്ക്കാത്ത ദിവസങ്ങളില്ല.

വൃദ്ധൻ

നീ പറയുന്നതെനിയ്ക്കു മനസ്സിലാവുന്നുണ്ടു്. നിൻെറ ഭാൎയ്യ മരിച്ചു. നിൻെറ ഏകസന്താനവും നിന്നെ വിട്ടുപോയി. നീ തനിച്ചായി. തീരാത്ത ദുഃഖംകൊണ്ടു നീ അവശനായി. നിനക്കു മരിച്ചാൽ വേണ്ടില്ലെന്നു

തോന്നി. തോന്നും, ആക്കമതു തോന്നും. പക്ഷെ, ഇതു കൊണ്ടുമാത്രം ദൈവഹിതത്തെ ചോദ്യംചെയ്യാൻ നിനക്കധികാരമുണ്ടോ?

**മുരുകേശൻ**

ഞാനൊന്നും ചോദ്യം ചെയ്യുന്നില്ല. പക്ഷേ, മരിയ്ക്കാനല്ല എൻെറ ആഗ്രഹമെങ്കിലും ഈശ്വരനനുവദിച്ചുതന്നുകൂടെ?

**വൃദ്ധൻ**

അതെങ്ങനെ? എല്ലാം കഴിഞ്ഞിട്ടും നീ തനിച്ചു ജീവിക്കണമെന്നാണു ദൈവഹിതമെങ്കിൽ?

**മുരുകേശൻ**

എനിയ്ക്കു മനസ്സിലാവുന്നില്ലമ്മാമാ.

**വൃദ്ധൻ**

അവനവൻെറ അനുഭവങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി ദൈവഹിതത്തെ വിലയിരുത്താൻ നമുക്കവകാശമില്ല; അതുപോലെ അദ്ദേഹത്തിൻെറ പ്രവൎത്തികളേയും. ഈശ്വരനു എല്ലാമറിയാമെന്നു നീ സമ്മതിക്കുന്നില്ലേ?

**മുരുകേശൻ**

ഉണ്ട്; അതുകൊണ്ടാണെനിയ്ക്കിത്രയധികം വ്യസനം. ഒരു പാപവും ചെയ്യാത്ത എന്നെ എന്തിനിത്ര കഠിനമായി ശിക്ഷിക്കുന്നു?

**വൃദ്ധൻ**

ആട്ടെ, ദൈവത്തിനു് എല്ലാമറിയാമെന്നു നീ സമ്മതിച്ചു. മതി. എന്നാൽ ആ ദൈവത്തിനുതന്നെ നമ്മെസ്സംബന്ധിച്ച എന്തും അറിയാമെന്നും തീൎച്ചയായി.

അപ്പോൾ നിനക്കും എനിയ്ക്കും ശ്രേയസ്കരമായ കാൎയ്യം എന്തെന്നു നമ്മേക്കാൾ അറിയുന്നതു ദൈവത്തിനാണെന്നു നീ സമ്മതിക്കില്ലേ?

മുരുകേശൻ

[ഒന്നും പറയാതെ ചിന്താധീനനായിരിക്കുന്നു.]

വൃദ്ധൻ

എന്താ നീ മിണ്ടാത്തതു്? ഇല്ലേ?

മുരുകേശൻ

[പതുക്കെ] ഉവ്വ്.

വൃദ്ധൻ

തനിയ്ക്കു പ്രിയപ്പെട്ടതു നഷ്ടപ്പെടുമ്പോൾ ഓരോരുത്തനും ദുഃഖിക്കുന്നതെന്തുകൊണ്ടാണു്? തന്റെ സുഖം പൊയ്പോകുന്നതുകൊണ്ടല്ലേ?

മുരുകേശൻ

അതെ.

വൃദ്ധൻ

നമ്മളൊക്കെ അവനവനുവേണ്ടി മാത്രം ജീവിക്കാൻ തുടങ്ങിയാൽ എന്നും ദുഃഖം തന്നെയാണനുഭവം. സുഖദുഃഖങ്ങളൊക്കെ ദൈവത്തിൽ സമൎപ്പിച്ചു സദാ ദൈവത്തെ വിചാരിച്ചു ജീവിക്കാൻകഴിഞ്ഞാൽ പിന്നെ ദുഃഖമില്ല.

മുരുകേശൻ

അതെല്ലാവൎക്കും കഴിയുന്നതാണോ?

വൃദ്ധൻ

എന്തുകൊണ്ടു കഴിയില്ല?

മുരുകേശൻ

അതിനെന്താണു് വഴി?

വൃദ്ധൻ

സുഖദുഃഖങ്ങളിൽ അലയാൻ വിടാതെ മനസ്സിനെ ഈശ്വരനിൽ ഒതുക്കിനിൎത്തി ജീവിക്കാനുള്ള വഴികളൊക്കെ നമ്മുടെ പുരാണങ്ങളിൽ വിവരിച്ചിട്ടുണ്ട്. നീ പുരാണം വായിക്കാറില്ലേ?

മുരുകേശൻ

ഇല്ല.

വൃദ്ധൻ

വായിക്കണം. പതിവായി അതു വായിക്കാൻ തുടങ്ങിയാൽ നിൻെറ ഈ ദുഃഖത്തിനൊക്കെ അറുതികിട്ടും. നീ പുതിയൊരാളായിത്തീരും.

മുരുകേശൻ

ഞാൻ ശ്രമിക്കാം അമ്മാമാ. അമ്മാമനിവിടെ വന്നതും ഈ വിലയേറിയ ഉപദേശം തന്നതും വലിയ ഉപകാരം. എൻെറ ദുഃഖം പാതികുറഞ്ഞപോലെ തോന്നുന്നു.

വൃദ്ധൻ

നിശ്ശേഷം കുറയും. [എഴുന്നേല്ക്കുന്നു] പുരാണപാരായണം നിനക്കു വെളിച്ചം കാട്ടും. യഥാൎത്ഥസുഖവും സന്തോഷവും നിനക്കനുഭവിക്കാറാവും........ഞാൻ വരട്ടെ.

മുരുകേശൻ

അമ്മാമൻ ഇടയ്ക്കിടയ്ക്കു വരണേ.

വൃദ്ധൻ

[നടന്നുകൊണ്ടു] ഓ! വരാം. [പോകുന്നു.]

മുരുകേശൻ

[സ്മൃതിയിൽ മുന്നാൻ തുടങ്ങുന്നു.]

യവനിക

# രംഗം

## 2

[സമയം രാത്രി. മുരുകേശൻ അത്താഴം കഴിഞ്ഞു കിടക്കുകയാണു്. കട്ടിലിന്റെ ഒരുവശത്തു ഒരു മണ്ണെണ്ണവിളക്കു കത്തുന്നതിന്റെ വെളിച്ചത്തിൽ മുരുകേശൻ പുരാണം വായിക്കുന്നു.]

മാനവുംഡംഭംഹിംസാവക്രത്വം കാമംക്രോധം
മാനസേവെടിഞ്ഞു സന്തുഷ്ടനായ്സദാകാലം
അന്യാക്ഷേപാദികളുംസഹിച്ചുസമബുദ്ധ്യാ
മന്യഭാവവുമകലേക്കളഞ്ഞനുദിനം
ഭക്തികൈക്കൊണ്ടു ഗുരുസേവയുംചെയ്തുനിജ
ചിത്തശുദ്ധിയും ദേഹശുദ്ധിയുംചെയ്തുകൊണ്ടു്
നിത്യവും സൽക്കർമ്മങ്ങൾക്കിളക്കംവരുത്താതെ
സത്യത്തെ സമാശ്രയിച്ചാനന്ദസ്വരൂപനായ്
മാനസവചനദേഹങ്ങളെയടക്കിത്തൻ
മാനസേവിഷയസൗഖ്യങ്ങളെ ചിന്തിയാതെ

ജനനജരാമരണങ്ങളെചിന്തിച്ചുള്ളി-
ലനഹങ്കാരത്തോന സമഭാവനയോടും
ഇഷ്ടാനിഷ്ടപ്രാപ്തികൾ തുല്യഭാവത്തോടുംസ-
ന്തുഷ്ടനായ് വിവിക്തശുദ്ധസ്ഥലേവസിക്കേണം

[പുറത്തുനിന്നു ആരോ നേരിയ സ്വരത്തിൽ വിളിക്കുന്നു.] മുരുകേശാ! മുരുകേശാ!

**മുരുകേശൻ**

[വിളികേൾക്കാതെ വായന തുടൎന്നുകൊണ്ടിരിക്കുന്നു.]

[പുറത്തുനിന്നുള്ള വിളിയുടെ ശബ്ദം കുറച്ചുകൂടി ഉച്ചത്തിലാവുന്നു.] മുരുകേശാ! മുരുകേശാ!

**മുരുകേശൻ**

[കിടന്ന കിടപ്പിൽതന്നെ ശ്രദ്ധിക്കുന്നു.]

[പുറത്തുനിന്നുള്ള ശബ്ദം] മുരുകേശൻ ഉറങ്ങിയോ?

**മുരുകേശൻ**

ഇല്ല. അകത്തേക്കു വന്നോളൂ. വാതിൽ കുറ്റിയിട്ടിട്ടില്ല. [ആരാണു് വരുന്നതെന്നറിയാൻ വാതിലിലേക്കു നോക്കുന്നു.]

[ഒന്നാംരംഗത്തിലെ വൃദ്ധൻ വടിയുംകുത്തി പതുക്കെ കൂനിക്കൂനി നടന്നുവരുന്നു.]

**മുരുകേശൻ**

[വൃദ്ധനെക്കണ്ടു ആദരവോടെ എഴുന്നേൽക്കാൻ ഭാവിക്കുന്നു.]

**വൃദ്ധൻ**

വേണ്ട വേണ്ട. അവിടെ കിടന്നോളൂ.

മുരുകേശൻ

അമ്മാമൻ ഇരിയ്ക്കു.

വൃദ്ധൻ

ഞാനിവിടെ ഇരുന്നോളാം. [ബഞ്ചിൽചെന്നിരിക്കുന്നു.] നീ പതിവായി പുരാണം വായിക്കാൻ തുടങ്ങിയോ?

മുരുകേശൻ

ഒഴിവുസമയമൊക്കെ ഞാനിതു വായിച്ചുകൊണ്ടിരിയ്ക്കും. പകൽ പുറത്തെങ്ങും പോകാറില്ല. ജോലി കഴിഞ്ഞാൽ ഉടനെ ഇരുന്നു വായിയ്ക്കും.

വൃദ്ധൻ

എന്നിട്ടെങ്ങിനെ?

മുരുകേശൻ

എന്തൊരാശ്വാസമാണമ്മാമാ. അമ്മാമൻ പറഞ്ഞതു വളരെ ശരിയാണ്. ഒന്നിനെക്കുറിച്ചു ചിന്തിയ്ക്കാനും എനിയ്ക്കു സമയം കിട്ടുന്നില്ല.

വൃദ്ധൻ

അപ്പോൾ നിൻെറ ദുഃഖവും കുറഞ്ഞിരിയ്ക്കും.

മുരുകേശൻ

ദുഃഖിക്കാൻ സമയംവേണ്ടേ? ഞാനിപ്പോൾ എൻെറ ഉപജീവനത്തിന്നു മാത്രമെ തൊഴിലെടുക്കാറുള്ളൂ. കൂടുതൽ എനിയ്ക്കെന്തിനാണ്?

വൃദ്ധൻ

കൂടുതൽ നിനക്കെന്നല്ല ഒരാൾക്കും ആവശ്യമില്ല.

മുരുകേശൻ

ഒന്നോ രണ്ടോ ചെരുപ്പുകൾ കേട്ടുതീൎക്കുകയും, ഒരു ജോടി പുതിയതു പണിയുകയും ചെയ്താൽ എനിയ്ക്കാവശ്യത്തിനുള്ളതു മുഴുവനായി. ബാക്കിയുള്ള സമയമത്രയും പുരാണം വായനയാണു്.

വൃദ്ധൻ

നിനക്കു ആശ്വാസം തോന്നുന്നില്ലേ?

മുരുകേശൻ

അതു ചോദിയ്ക്കാനുണ്ടോ അമ്മാമാ. ഈ വീട്ടിൽ ഞാൻ തനിച്ചാണെന്നെനിയ്ക്കു തോന്നാറില്ല. നിറച്ചും ആളുകളുള്ളപോലെ. [എഴുന്നേററിരുന്നു ആവേശത്തോടെ] അതും ആരൊക്കെ? പുരാണപുരുഷന്മാർ. എൻെറ വീടു മുഴുവനും ഇപ്പോൾ പുരാണപുരുഷന്മാരാണമ്മാമാ.

വൃദ്ധൻ

[ചിരിച്ചുകൊണ്ടു്] നിൻെറ കൂട്ടുകാർ താക്കേടില്ലല്ലോ.

മുരുകേശൻ

തീൎന്നില്ലമ്മാമാ, ആ മഹാപുരുഷന്മാർ ഇടതടവില്ലാതെ എന്നെ ഉപദേശിച്ചുകൊണ്ടിരിയ്ക്കുന്നു.

വൃദ്ധൻ

നീ മഹാഭാഗ്യവാനാണു മുരുകേശാ.

മുരുകേശൻ

അതേ അമ്മാമാ, ഈ മഹാഭാഗ്യത്തിലേക്കു വഴി കാണിച്ചതു് അമ്മാമനാണു്. എന്തൊരു നല്ല മുഹൂൎത്തത്തിലാണു അമ്മാമനിവിടെ വന്നുചേൎന്നതു്. ഭയവും ദുഃഖവും എന്നെ പിടികൂടി നശിപ്പിക്കുകയായിരുന്നു.

ഈ വീട്ടിലെന്നല്ല, ഈ ലോകത്തിൽതന്നെ എനിയ്ക്കാരുമില്ലെന്നും ഞാൻ തനിച്ചാണെന്നും ഒരു തോന്നൽ. ആ തോന്നൽ പെരുകിപ്പെരുകി വന്നു എനിയ്ക്കു ജീവിതത്തോടു വെറുപ്പുതോന്നി. ഈശ്വരവിശ്വാസം കുറഞ്ഞു.

വൃദ്ധൻ

നിന്നെ ആദ്യം കണ്ടപ്പോഴേ എനിയ്ക്കതു തോന്നി. നീ അവിശ്വാസിയായിട്ടു നശിക്കാൻ തുടങ്ങുകയാണെന്നെനിയ്ക്കു മനസ്സിലായി.

മുരുകേശൻ

അമ്മാമനു നന്ദി! യഥാവസരം അമ്മാമനെന്നെ രക്ഷിച്ചു. ഇനി ആ ദുഃഖത്തിൻെറ പിടിയിൽ ഞാൻ പെടില്ല. നിരാശക്കിനിയെന്നെ കീഴടക്കാനാവില്ല.... [പുരാണഗ്രന്ഥം നെഞ്ചിൽ ചേർത്തുപിടിച്ചു കണ്ണടച്ചുകൊണ്ടു്] ഏതു വിപത്തിലും എന്നെ സഹായിക്കുന്ന ഉററചങ്ങാതിയാണിതു്.

വൃദ്ധൻ

[എഴുന്നേററുകൊണ്ടു്] നന്നായി മകനെ! നിൻെറ ജീവിതംകൊണ്ടു എന്തൊക്കെയോ സാധിക്കാനിരിയ്ക്കുന്നു!

മുരുകേശൻ

അമ്മാമനിത്ര ക്ഷണത്തിൽ പുറപ്പെട്ടോ?

വൃദ്ധൻ

ഞാനിനിയും വരാം. നിൻെറ കാര്യങ്ങളൊന്നന്വേഷിയ്ക്കാൻ വേണ്ടി ഈ വഴി പോകുമ്പോഴൊന്നു കേറിനോക്കിയെന്നുമാത്രം. എനിയ്ക്കു സന്തോഷമായി. ഞാൻ വരട്ടെ. [പോകുന്നു.]

മുരുകേശൻ

[അല്പനേരം വൃദ്ധൻ പോയവഴിതന്നെ നോക്കിയിരിയ്ക്കുന്നു. കിടന്നു വീണ്ടും പുരാണവായന തുടരുന്നു.]

ഇഷ്ടാനിഷ്ടപ്രാപ്തികൾ തുല്യഭാവത്തോടും സ-
ന്തുഷ്ടനായ് വിവിക്ത ശുദ്ധസ്ഥലേ വസിക്കേണം
ശുദ്ധസ്ഥലേ വസിക്കേണം...............
ശുദ്ധസ്ഥലേ.........വസിക്കേണം

[കുറച്ചു സംഗീതാത്മകമായി ചൊല്ലിക്കൊണ്ടവസാനിപ്പിക്കുന്നു. കുറച്ചുസമയം കഴിഞ്ഞു വിളക്കിലെ തിരിതാഴ്ത്തി ഉറങ്ങാൻ വേണ്ടി കിടക്കുന്നു. ക്രമേണ രംഗം ഇരുളാൻ തുടങ്ങുന്നു. ശാന്തസുന്ദരമായ ഒരു സംഗീതത്തിൻെറശബ്ദം അകലത്തുനിന്നു കേൾക്കാൻതുടങ്ങുന്നു. അതു പതുക്കെപ്പതുക്കെ അടുത്തടുത്തു വരുന്നു. ആ സംഗീതം അടുത്തുനിന്നു ഉച്ചത്തിൽ മുഴങ്ങുമ്പോൾ രംഗം മുഴുവൻ ഒരു പുതിയ പ്രകാശംകൊണ്ടു തിളങ്ങുന്നു. ആ പ്രകാശത്തിൽ രംഗം മുഴുവൻ വ്യക്തമായി കാണാം. ഉറങ്ങുന്ന മുരുകേശൻ ഉദ്വേഗംകൊണ്ടെന്നപോലെ വേഗത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ മാർത്തടം താഴുകയും പൊന്തുകയും ചെയ്യുന്നു. പെട്ടെന്നു സംഗീതം നിലയ്ക്കുന്നു. ശാന്തഗംഭീരമായ ഒരു ശബ്ദം മുരുകേശനെ വിളിയ്ക്കുന്നതു കേൾക്കുന്നു.]

ശബ്ദം

മുരുകേശാ. മുരുകേശാ.

മുരുകേശൻ

[പാതിയുറക്കത്തിൽ തലപൊക്കിനോക്കുന്നു. പെട്ടന്നു രംഗത്തുള്ള ദിവ്യപ്രകാശം അസ്തമിക്കുകയും മണ്ണെണ്ണവിളക്കിൻെറ മങ്ങിയ പ്രകാശം അവശേഷിയ്ക്കുകയും ചെയ്യുന്നു. മുരുകേശൻ ത

ലതാഴ്ത്തി പിന്നേയും കിടന്നുറങ്ങാൻ തുടങ്ങുന്നു. അല്പനിമിഷത്തിനുശേഷം പഴയപടി സംഗീതം തുടൎന്നു കേൾക്കുകയും രംഗം മുഴുവൻ ഒരു ദിവ്യപ്രകാശം പരക്കുകയും ചെയ്യുന്നു. സംഗീതത്തിന്റെ അവസാനത്തിൽ പിന്നേയും പഴയ ശബ്ദം കേൾക്കുന്നു.]

ശബ്ദം

മുരുകേശാ, നാളെ ഞാൻ വരും. തീൎച്ചയായും വരും. നീ തെരുവിലേക്കുതന്നെ നോക്കിയിരുന്നോളൂ. ഞാൻ തീൎച്ചയായും വരും.

മുരുകേശൻ

[പെട്ടെന്നു പുതച്ചവസ്ത്രം വലിച്ചുമാററി കിടക്കയിൽനിന്നു ചാടിയെഴുന്നേററു വിളക്കിന്റെ തിരിനീട്ടുന്നു. ചുററും അമ്പരന്നു മിഴിച്ചുനോക്കുന്നു. ഒന്നും മനസ്സിലാവാത്തമട്ടിൽ അകലത്തും അടുത്തും മാറിമാറി നോക്കുന്നു. അവ്യക്തമായി എന്തൊക്കെയൊ പിറുപിറുക്കുന്നു. കട്ടിലിൽ വന്നിരിയ്ക്കുന്നു. വീണ്ടും കിടന്നു വിളക്കണയ്ക്കുന്നു.]

യവനിക

# രംഗം

# 3

[മുരുകേശൻ തൻെറ വീട്ടിൻെറ ഉമ്മറത്തിരുന്നു ഉൽക്കണ്ഠയോടെ തെരുവിലേക്കു നോക്കുകയാണു്. പ്രഭാതത്തിൽ തുടങ്ങിയ ഇരുത്തവും നോട്ടവുമാണു്. തലേദിവസം സ്വപ്നത്തിലുണ്ടായ അശരീരി നിമിഷംപ്രതി മുരുകേശൻെറ മനസ്സിൽ തെളിഞ്ഞുവരികയാണു്; "ഞാൻ നാളെ വരും, തീർച്ചയായും വരും" എന്ന ആ അശരീരി. മുരുകേശൻ കാത്തിരിക്കുന്നതു അദ്ദേഹത്തെയാണു്. നേരം സന്ധ്യയാവാറായി, ഇനിയും അദ്ദേഹം വന്നിട്ടില്ല. ഭക്ഷണം കഴിക്കാൻകൂടി അവിടെനിന്നു മുരുകേശൻ മാറീട്ടില്ല. സഹിക്കവെയ്യാത്ത വിശപ്പു തോന്നിയപ്പോൾ അകത്തുനിന്നു ബദ്ധപ്പെട്ടു കുറച്ചെന്തൊക്കെയൊ എടുത്തുകൊണ്ടുവന്നു അതെ ഇരുപ്പിൽതന്നെ കഴിക്കുകയാണുണ്ടായതു്. യവനിക നീങ്ങുമ്പോൾ നേരം സന്ധ്യയാണു്. അദ്ദേഹം വരുമെന്ന പ്രതീക്ഷ മുരുകേശനിൽ അസ്തമിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നിട്ടും അവൻ തെരുവിലേക്കു ഉററുനോക്കുകയാണു്. അകലത്തുനിന്നു ആരെങ്കിലും വരുന്നതു കാണുമ്പോൾ മുരുകേശൻെറ മുഖത്തു ഉൽക്ക-

ജ്ഞാ വദ്ധിയ്ക്കും. അടുത്തു വരുംതോറും ആളെ മനസ്സിലാവുകയും ഉടനെ ആ മുഖത്തു നിരാശ പരക്കുകയുമായി. ഇങ്ങിനെയുള്ളൊരു സന്ദർഭത്തിലാണു് രംഗവാസികൾ മുരുകേശനെ കാണുന്നതു്.]

### മുരുകേശൻ

[തലയുയത്തി അകലത്തേക്കു നോക്കുന്നു. തെരുവിൽകൂടി വരുന്നവരുടെ ഗതിക്കനുസരിച്ച് ആ മുഖത്തു പല ഭാവങ്ങളും ജനിക്കുന്നു.] ഇനി വരില്ലായിരിയ്ക്കും........നേരം സന്ധ്യയായില്ലെ........ഇന്നിത്രനേരവും വന്നില്ലല്ലൊ........[വീണ്ടും അകലത്താരെയൊ കാണുന്നു. തെരുവിലെ വിളക്കിന്റെ നാളം മറയ്ക്കാൻ വേണ്ടി കൺപുരികത്തിനുമീതെ കൈവെച്ചു കഴുത്തുനീട്ടി അകലത്തേക്കു നോക്കുന്നു. ആളെ തിരിച്ചറിഞ്ഞ ഉടനെ ഒരു നെടുവീർപ്പോടെ പിന്നേയും പിറുപിറുക്കുന്നു.] ഇന്നലെ ആ അശരീരി എന്തായിരുന്നു പറഞ്ഞതു്? [ആവേശത്തോടെ] "ഞാൻ നാളെ വരും; തീച്ചയായും വരും" എന്നല്ലേ?.... എന്നിട്ടെവിടെ? ഞാനെത്രനേരമായിങ്ങിനെ കാത്തിരിയ്ക്കുന്നു. [ഉടനെ തെരുവിലേക്കു നോക്കി സന്തോഷത്തോടെ ചാടിയെഴുനേല്ക്കുന്നു.] അതാ, വരുന്നുണ്ടു്. ഭാഗ്യം. മഹാഭാഗ്യം. ഞാൻ കാത്തിരുന്നതു് വെറുതെയായില്ല. ആവൂ, ഈശ്വരാ, എനിയ്ക്കു സന്തോഷമായി. [ആ മുഖം പെട്ടെന്നു ഇരുളുന്നു. ശബ്ദം താഴുന്നു.] കഷ്ടം! ഈ വയസ്സുകാലത്തു എനിയ്ക്കു കുറേശ്ശ കിറുക്കുവരുന്നുണ്ടു്. അല്ലാതെ ഇതിനൊക്കെ എന്താണത്ഥം? ആ നിരത്തടിയ്ക്കുന്ന കിഴവൻ തേവനെ കണ്ടിട്ടു എനിയ്ക്കീശ്വരനാണെന്നു തോന്നി; ഇതു കിറുക്കല്ലെങ്കിൽ മറ്റെന്താണു്? [വീണ്ടും ഇരിയ്ക്കുന്നു. വിചാരമഗ്നനാവുന്നു. പിന്നിൽക്കൂടി നിരത്തടിക്കാരൻ തേവൻ കടന്നുവരുന്നു. കയ്യിലെ വലിയ ചൂൽ ഒരുഭാഗത്തു ചാരി

വെക്കുന്നു. കീറിപ്പൊളിഞ്ഞ വേഷം. പാറിപ്പറന്ന തലമുടി. ക്ഷൌരം താമസിച്ച മുഖം. പെരുംകിഴവൻ. പുറത്തെ തണുപ്പു കൊണ്ടു് തേവൻ വിറയ്ക്കുന്നുണ്ടു്. തേവൻെറ കാൽപെരുമാററം കേട്ടു മുരുകേശൻ ഞെട്ടിയെഴുന്നേല്ക്കുന്നു.]

മുരുകേശൻ

തേവനോ? എന്താ തേവാ?

തേവൻ

പുറത്തു വലിയ തണുപ്പു്. ഇന്നു സന്ധ്യക്കുതന്നെ മഞ്ഞുവീഴാൻ തുടങ്ങിയിരിയ്ക്കുന്നു. [വിറയ്ക്കുന്നു.]

മുരുകേശൻ

അതതെ. തെരുവിലൊക്കെ ഒരു പുകമൂടിയപോലെ തോന്നുന്നുണ്ടു്. ആരേയും തിരിച്ചറിയുന്നില്ല.

തേവൻ

വയസ്സായപ്പോഠം തണുപ്പു താങ്ങാനുള്ള ശക്തിയില്ല.

മുരുകേശൻ

അതതെ. നീയങ്ങിനെ അവിടെനിന്നു വിറയ്ക്കേണ്ട. ഇരുന്നോളൂ. അല്ലെങ്കിൽ ഞാൻ നിനക്കു കുറച്ചു തീക്കൊണ്ടുവന്നുതരാം. നിനക്കു തീക്കാഞ്ഞാൽ സുഖമാവില്ലേ?

തേവൻ

[വിറച്ചുകൊണ്ടു തലയാട്ടുന്നു.]

മുരുകേശൻ

എന്നാൽ അവിടെ ഇരിയ്ക്കു. [തേവനെ നിർബ്ബന്ധിച്ചു ബെഞ്ചിൽ ഇരുത്തുന്നു.] ഇദ്ദാ ഇപ്പോഠം കൊണ്ടുവരാം. [തെരുവിലേക്കു ഒന്നുനോക്കി സംശയം തീർത്തു് അകത്തേക്കു പോകുന്നു.]

തേവൻ

[രണ്ടുകയ്യും മാറിൽ അടക്കിക്കെട്ടി ശീതം പൊറുപ്പിച്ചു കൊണ്ടു ഇരിക്കുന്നു.]

മുരുകേശൻ

[ഒരു നെരിപ്പോടിൽ തീ കൊണ്ടുവന്നു തേവൻെറ മുമ്പിൽ വെക്കുന്നു.]

തേവൻ

[അത്യാഗ്രഹത്തോടെ എഴുന്നേററു രണ്ടുകയ്യും നെരിപ്പോടി ന്മുകളിൽ കാട്ടി ശരീരം മുമ്പോട്ടു വളച്ചു തീക്കായാൻ തുടങ്ങുന്നു.]

മുരുകേശൻ

[എപ്പോഴും തെരുവിലേക്കാണു ശ്രദ്ധ] തേവനിന്നു മുഴു വനും ഈ തെരുവിലായിരുന്നോ?

തേവൻ

[നെരിപ്പോടിനു പുറം തിരിഞ്ഞു നിന്നുകൊണ്ടു്] അല്ല; ഉച്ചവരെ ഞാൻ വേറെ തെരുവിലായിരുന്നു.

മുരുകേശൻ

ഉച്ചയ്ക്കുശേഷമോ?

തേവൻ

[വീണ്ടും തിരിഞ്ഞു നെരിപ്പോടിനുനേരെനിന്നു കൈരണ്ടും ചൂടാക്കി ശരീരത്തിൽ അവിടേയും ഇവിടേയും ഉഴിയുന്നു.] ഉച്ച യ്ക്കുശേഷം ഇതുവരെ ഞാൻ ഈ തെരുവിൽ തന്നെ ഉണ്ടാ യിരുന്നു.

മുരുകേശൻ

[ഇടയ്ക്കിടെ തെരുവിലേക്കു നോക്കുന്നുണ്ടു്] ഉച്ചമുതൽ ഇതുവരെ നീ ഇവിടെത്തന്നെയായിരുന്നു; ഇല്ലേ? [അല്പനേരം മിണ്ടാതെ തെരുവിലേക്കു നോക്കിനിന്നുകൊണ്ടു്] അപ്പോഠം തേവാ,

തേവൻ

എന്താ? [നെരിപ്പോടിനോടു ചേർന്നിരിക്കുന്നു.]

മുരുകേശൻ

നീയിന്നു ഈ തെരുവിൽ അപരിചിതരാരേയെങ്കിലും കണ്ടോ?

തേവൻ

ഇല്ലല്ലൊ. ആരേയും കണ്ടില്ല. [ആലോചിച്ച്] ഇല്ല, ആരേയും കണ്ടതായോർക്കുന്നില്ല.

മുരുകേശൻ

[അല്പം ആശ്വാസത്തോടെ തന്നത്താൻ] എന്നാൽ വന്നിട്ടുണ്ടാവില്ല.

തേവൻ

എന്താ പറഞ്ഞതു്?

മുരുകേശൻ

ഒന്നുമല്ല.

തേവൻ

ശരിയാ പറഞ്ഞതു്. ഇന്നു വന്നിട്ടില്ല. വരുന്നു വിചാരിച്ചാണു് ഞാനിതുവരെ ഇവിടെ ചുററിത്തിരിഞ്ഞതു്.

മുരുകേശൻ

[ഉൽക്കണ്ഠയോടെ] നീയാരെപ്പററിയാണു പറയുന്നതു്?

തേവൻ

ആ മേസ്തിരി വല്ലാത്തൊരു മാതിരിയാണു്. ഒരു വൈക്കോൽതുണ്ടോ മധുരനാരങ്ങത്തോടൊ തെരുവിൽ കണ്ടാൽ റിപ്പോർട്ടുചെയ്യും. ഓ! വല്ലാത്ത പഹയൻ. അ

ല്ലെങ്കിൽ ഈ തെരുവിലെ ചപ്പും ചവറും അടിച്ചാൽ പോകുന്നതാണോ? ജനങ്ങൾക്കു തെരുവ് നന്നായിക്കാണാൻ ഒരു വിചാരവുമില്ല.

മുരുകേശൻ

[മറ്റെന്തോ ആലോചിച്ചുകൊണ്ട്] ശരിയാണ് തേവൻ പറഞ്ഞതു്.

തേവൻ

വീട്ടുകാരും കച്ചവടക്കാരുമൊക്കെ ചപ്പും ചവറും നിരത്തിലേക്കാണു വലിച്ചെറിയുന്നതു്. ഒരിയ്ക്കലടിച്ചാൽ ഉടനെ പിന്നേയും അത്രയ്ക്കുത്ര വന്നുകൂടും. പിന്നെ എങ്ങിനെ ഈ തെരുവൊക്കെ വൃത്തിയാകും; വിശേഷിച്ചും ഈ വയസ്സുകാലത്തു്. ജനങ്ങൾകൂടി വിചാരിച്ചല്ലാതെ ഇതൊന്നും നേരെയാവില്ല. [താടിയെല്ലുകാം തണുപ്പുകൊണ്ടു വിറയ്ക്കുന്നുണ്ട്.]

മുരുകേശൻ

ഇല്ല. അപ്പോൾ തീ കാഞ്ഞിട്ടും തേവൻെറ തണുപ്പു മാറിയില്ലല്ലൊ.

തേവൻ

ഉള്ളിലെ കിടിലം വിടുന്നില്ല.

മുരുകേശൻ

ശരി. [എന്തോ ആലോചിച്ച്] ഉള്ളിലെ തണുപ്പുമാറാൻ ചൂടോടെ കാച്ചു ചായ കുടിയ്ക്കണം. ഇദ്ദാ, ഇപ്പോൾ കൊണ്ടുവന്നുതരാം. തണുപ്പുകാലമായതുകൊണ്ടു ചായ അടുപ്പത്തുതന്നെ വെച്ചിട്ടുണ്ട്. [തെരുവിലേക്കൊന്നു നോക്കി അകത്തേക്കു പോകുന്നു.]

തേവൻ

[നെരിപ്പോടിൻെറ സമീപത്തുനിന്നു വിടാതെ തെരുവിലേക്കു കഴുത്തു നീട്ടി നോക്കുന്നു.] ആ പഹയനെങ്ങാനും ചാടിവന്നാൽ ബുദ്ധിമുട്ടാണു്. രാത്രിയും പകലുമില്ലാതെ അലഞ്ഞുനടക്കുന്ന പഹയൻ.

മുരുകേശൻ

[ഒരു കപ്പിൽ ചൂടുള്ള ചായ കൊണ്ടുവരുന്നു.] കുടിച്ചോളൂ തേവാ, ചൂടോടെ കുടിച്ചോളൂ. ഉള്ളിലെ കിടിലം പറപറക്കും.

തേവൻ

[ആർത്തിയോടെ വാങ്ങി മോന്തുന്നു.] നല്ല കടുപ്പത്തിലുള്ള ചായ.

മുരുകേശൻ

തണുപ്പുകാലത്തേക്കു പ്രത്യേകം ഉണ്ടാക്കുന്നതാണു്.

തേവൻ

ഇവിടെ കയറാൻ തോന്നിയതു എൻെറ ഭാഗ്യം. ഇല്ലേങ്കിലിന്നു തണുത്തുവിറച്ചു തെരുവിൽതന്നെ വീണു മരിയ്ക്കുമായിരുന്നു.

മുരുകേശൻ

ഇതൊക്കെ ഈശ്വരൻ തോന്നിക്കുന്നതാണു് തേവാ.

തേവൻ

തീർച്ചയായിട്ടും. [കണ്ണടച്ചു പ്രാർത്ഥിയ്ക്കുന്നു. വീണ്ടും ചായ വലിച്ചു മോന്തുന്നു.]

മുരുകേശൻ

ഉള്ളിലെ കിടിലം മാറിയില്ലേ?

**തേവൻ**

[കപ്പ് ബെഞ്ചിൽവെച്ച് കൈകൊണ്ടു മുഖംതുടച്ച് പോകാൻ ഭാവിക്കുന്നു.] ഞാൻ പോട്ടെ. ആ പഹയൻ ചാടി വരും.

**മുരുകേശൻ**

തണുപ്പ് മാറിയെങ്കിൽ പൊയ്ക്കോളൂ.

**തേവൻ**

ഓ! മാറി. ഇനി സാരമില്ല. ആ ചായയാണ് സഹായിച്ചതു്. [മുമ്പിലോട്ടു നടക്കുന്നു.] നിങ്ങൾക്കു വലിയ പുണ്യമുണ്ടാവും.

**മുരുകേശൻ**

[അതു ശ്രദ്ധിക്കാതെ] പോയിട്ടുവരൂ.

**തേവൻ**

[തന്റെ ചൂലുമെടുത്തു പോകുന്നു.]

**മുരുകേശൻ**

[വീണ്ടും പഴയസ്ഥാനത്തു ചെന്നിരുന്നു തെരുവിലേക്കു നോക്കുന്നു. അടുത്തും അകലത്തും ശ്രദ്ധിക്കുന്നു.] ഇനിയിന്നേതായാലും വരില്ല........മതി കാത്തിരുന്നതു്. എല്ലാം എന്റെ വിഡ്ഢിത്തം. അല്ലെങ്കിൽ വിഡ്ഢിത്തം എന്നുമാത്രം പറഞ്ഞാൽ പോരാ. കിറുക്കു്, ശുദ്ധകിറുക്കു്!........

[അല്പം അകലത്തുനിന്നു ഒരു സ്ത്രീയുടെ തേങ്ങിക്കരച്ചിൽ കേൾക്കുന്നു.]

**മുരുകേശൻ**

[ശ്രദ്ധിക്കുന്നു.]

[തേങ്ങിക്കരച്ചിൽ അടുത്തടുത്തുവരുന്നു. ചില വാക്കുകൾ ആ തേങ്ങലിലൂടെ അസ്പഷ്ടമായി കേട്ടുതുടങ്ങുന്നു.]

സ്ത്രീയുടെ ശബ്ദം

അയ്യോ.......ആവൂ........എന്റെ കുട്ടി!.... ....ഈശ്വരാ........! [അതു അടുത്തടുത്തു വരുംതോറും വാക്കുകൾ വ്യക്തമായി കേട്ടുതുടങ്ങുന്നു.]

സ്ത്രീയുടെ ശബ്ദം

[കരച്ചിലോടിടകലൎന്നു്] ഈശ്വരാ, ഈ തണുപ്പിൽനിന്നു എന്റെ കുട്ടിയെ രക്ഷിക്കാൻ ഒരു വഴിയില്ലല്ലോ........ഇതിപ്പോൾ മരിയ്ക്കും. ചൂടുള്ളൊരു സ്ഥലത്തു ഇതിനെ കൊണ്ടുചെന്നു കിടത്താൻ വയ്യല്ലോ........ഇതിനെപ്പുതപ്പിക്കാനൊരു തുണിക്കഷ്ണം പോലുമില്ലല്ലോ... ഈശ്വരാ.......[കരയുന്നു.]

മുരുകേശൻ

[ബദ്ധപ്പെട്ടെഴുന്നേററു കൈകൊട്ടി വിളിയ്ക്കുന്നു.] ഇട്ടാ, ഇവിടെ നോക്കൂ, ഇങ്ങട്ടുവരൂ. കുട്ടിയെ ഇവിടെ കിടത്താം. [ഓടി തെരുവിന്റെ ഭാഗത്തേക്കു പോകുന്നു. ക്ഷണത്തിൽ സ്ത്രീയേയും കൂട്ടിക്കൊണ്ടുവരുന്നു.

മദ്ധ്യവയസ്സയായ ഒരു പിച്ചക്കാരി. വളരെ മുഷിഞ്ഞതും കീറിയതുമായ വസ്ത്രം. ദയനീയമായ നോട്ടം. തണുത്തുവിറയ്ക്കുന്ന മാറത്തു കീറത്തുണിയിൽ പൊതിഞ്ഞു ഒരു കുട്ടിയെ അടുപ്പിച്ചു പിടിച്ചിട്ടുണ്ടു്. പരിഭ്രാന്തമായ കണ്ണുകളിൽനിന്നു ധാരമുറിയാതെ കണ്ണീരൊഴുകിക്കൊണ്ടിരിയ്ക്കുന്നു.]

മുരുകേശൻ

[ബഞ്ചിലേക്കു ചൂണ്ടി] ഇതാ, ഇവിടെ...ഇവിടെ കിടന്നിരുന്നോളൂ. [ബദ്ധപ്പെട്ടു] ഞാൻ അകത്തുപോയി ചൂടുള്ള വസ്ത്രങ്ങൾ കൊണ്ടുവന്നുതരാം. [ഓടി അകത്തേക്കു പോകുന്നു. തിരിഞ്ഞുനിന്നു്] ആ നെരിപ്പോടിൽ തീയുണ്ടു്. കുറച്ചു ചൂടാക്കിക്കോളൂ. [പോകുന്നു.]

**പിച്ചക്കാരി**

[നെരിപ്പോടിനരികത്തുനിന്നു് കുഞ്ഞിനെ ഒരു തോളിൽ കിടത്തി, ഒരു കൈ ചൂടാക്കി അതിനെ ഉഴിയുന്നു.]

**മുരുകേശൻ**

[ബദ്ധപ്പെട്ടു് ഒരു ചുകന്ന രോമത്തുണിയുമായി വരുന്നു.] ഇതാ, ഇതുകൊണ്ടു ആ കുഞ്ഞിനെ പുതപ്പിയ്ക്കു. [പെട്ടന്നു അകത്തേക്കു മടങ്ങാൻ ഭാവിച്ചു്] അല്ലെങ്കിൽ വേണ്ട. ആ കുട്ടിയെ സുഖമായിട്ടൊരു സ്ഥലത്തു കിടത്തണം. ഞാൻ സൗകര്യമുണ്ടാക്കാം. [വീണ്ടും അകത്തേക്കോടുന്നു. ഈ സമയത്തൊക്കെ പിച്ചക്കാരി കൈ ചൂടാക്കി തന്റെ കുട്ടിയെ ഉഴിയുകയാണു്. മുരുകേശൻ ക്ഷണത്തിൽ മടങ്ങിവരുന്നു. ഇത്തവണ കയ്യിലൊരു മരത്തിന്റെ തൊട്ടിലുണ്ടു്. അതു നെരിപ്പോടിന്റെ അടുത്തു കൊണ്ടുചെന്നു വെക്കുന്നു. എന്നിട്ടു അതിലുള്ള കിടക്ക തട്ടിവിരിയ്ക്കുന്നു.] ഇതാ, കുട്ടിയെ ഇതിൽ കിടത്തിക്കോളൂ. ചൂടുള്ള കിടക്കയാണു്.

**പിച്ചക്കാരി**

[മുരുകേശന്റെ മുഖത്തു അമ്പരന്നുനോക്കുന്നു.]

**മുരുകേശൻ**

ഉം. കിടത്തിക്കോളൂ.

**പിച്ചക്കാരി**

[പതുക്കെ തോളിൽനിന്നു കുട്ടിയെ മാററി തൊട്ടിലിൽ കിടത്തുന്നു.]

**മുരുകേശൻ**

[തോളിലുള്ള ചുകന്ന രോമപ്പുതപ്പെടുത്തു കുട്ടിയെ പുതപ്പിയ്ക്കുന്നു.] അവൻ ഉറങ്ങുകയാണോ?

**പിച്ചക്കാരി**

അല്ല. പാവം! തണുപ്പുകൊണ്ടു മരവിച്ചതാണു്.

മുരുകേശൻ

കഷ്ടം! എന്തിനേ നീയവനെ ഈ തണുപ്പത്തു ഇങ്ങിനെ പുറത്തേക്ക കൊണ്ടുവന്നതു്?

പിച്ചക്കാരി

[തണുപ്പുകൊണ്ടു കുറേശ്ശ വിറയ്ക്കുന്നുണ്ടു്.] ഞാൻ...ഞാൻ പുറത്തു കൊണ്ടുവന്നതല്ല.

മുരുകേശൻ

പിന്നെ?

പിച്ചക്കാരി

[തൊണ്ടയിടറി] ഞാനെപ്പൊഴും പുറത്താണു്. എനിയ്ക്കൊരു വീടില്ല. ഇന്നു കലശലായ മഞ്ഞു വീണപ്പോൾ ഞാൻ എങ്ങോട്ടെന്നില്ലാതെ ഓടിയതാണു്.

മുരുകേശൻ

പാവം! നിനക്കും വല്ലാതെ തണുക്കുന്നുണ്ടു്. ആ നെരിപ്പോടിന്നടുത്തേക്ക മാറിനിന്നു നല്ലപോലെ ചൂടാക്കൂ............[കുട്ടിയെ നോക്കി] അവനിനി സുഖമാണു്. നല്ല ചൂടുള്ള കിടക്കയും പുതപ്പും കിട്ടി.

പിച്ചക്കാരി

[തൊണ്ടയിടറി] നിങ്ങൾക്ക വലിയ പുണ്യമുണ്ടാകും. നിങ്ങളില്ലേങ്കിൽ ഇന്നെന്റെ കുട്ടി മരിച്ചുപോകുമായിരുന്നു. [കരയുന്നു.]

മുരുകേശൻ

സാരമില്ല.......സാരമില്ല. നിനക്ക കുറച്ചു ചായ കുടിക്കണം; ഇല്ലേ? നല്ല ചൂടോടെ, കടുപ്പത്തിൽ കുറച്ചു ചായ?

പിച്ചക്കാരി

[പതുക്കെ] വേണ്ട.

**മുരുകേശൻ**

നല്ലതാണു്. തണുപ്പിനു് ഒന്നാന്തരമാണു്. ഇവിടെ അടുപ്പത്തു കിടന്നു തിളയ്ക്കുന്നുണ്ടു്. ഇപ്പോഠം കൊണ്ടു വരാം. [ബദ്ധപ്പെട്ടു അകത്തേക്കു പോകുന്നു.]

**പിച്ചക്കാരി**

[നെരിപ്പോടിനടുത്തേക്കു നീങ്ങി ശരീരം സർവ്വാംഗം ചൂടു പിടിപ്പിക്കുന്നു. ഇടയ്ക്കു കുട്ടിയെ ശ്രദ്ധിക്കുന്നു. തൊട്ടിലിന്നടുത്തു ചെന്നു സൂക്ഷിക്കുന്നു.] മോനേ, ഉറങ്ങിക്കോളൂ. നീ ജനിച്ചതിൽപിന്നെ ഇങ്ങിനെ സുഖമായിട്ടു കിടന്നിട്ടില്ല. നല്ലോണം ഉറങ്ങിക്കോളൂ.

**മുരുകേശൻ**

[ഒരു കപ്പിൽ ചൂടുള്ള ചായ കൊണ്ടുവരുന്നു.] ഇദ്ദാ, ഇതു കുടിച്ചോളൂ. ക്ഷണനത്തിൽ തണുപ്പെല്ലാം പോകും. [ചായ ബഞ്ചിന്മേൽ വെക്കുന്നു.] വേഗത്തിലെടുത്തു കുടിച്ചോളൂ.

**പിച്ചക്കാരി**

[ചായയെടുത്തു ഊതിക്കുടിക്കുന്നു.]

**മുരുകേശൻ**

[ദയാവാത്സല്യങ്ങളോടെ പിച്ചക്കാരിയെ നോക്കിക്കൊണ്ടുനില്ക്കുന്നു. തെരുവിലേക്കു നോക്കേണ്ട കാര്യമൊക്കെ അയാഠം മറന്നിരിയ്ക്കയാണു്. അല്പനേരം അങ്ങിനെ നോക്കിനിന്നു ചോദിക്കുന്നു.] നിനക്കു വിശക്കുന്നുണ്ടോ?

**പിച്ചക്കാരി**

[മിണ്ടുന്നില്ല.]

**മുരുകേശൻ**

നീയിന്നെന്തു കഴിച്ചു?

**പിച്ചക്കാരി**

[പതുക്കെ] ഒന്നും കഴിച്ചിട്ടില്ല.

മുരുകേശൻ

ഓ കഷ്ടം! കഷ്ടം! എന്നിട്ടാണോ നീയൊന്നും പറയാത്തതു്. [ഓടി അകത്തേക്കു പോകുന്നു. ഒരു കത്തിയും രണ്ടു വലിയ അപ്പവും എടുത്തുകൊണ്ടുവരുന്നു. അപ്പവും കത്തിയും ബെഞ്ചിൽ വെച്ചു് നെരിപ്പോടു ബെഞ്ചിന്നരികലേക്കു നീക്കിക്കൊടുക്കുന്നു.] അവിടെ ഇരിയ്ക്കു. എന്നിട്ടു ഈ അപ്പം തിന്നോളൂ.

പിച്ചക്കാരി

[ബെഞ്ചിൽ ഇരിയ്ക്കുന്നു.]

മുരുകേശൻ

[കത്തികൊണ്ടു അപ്പം ഓരോ കഷ്ണമാക്കി വെട്ടി പിച്ചക്കാരിയ്ക്കു കൊടുക്കുന്നു. അവരം അപ്പം തിന്നുന്നതു നോക്കിക്കൊണ്ടിരിയ്ക്കുന്നു.]

പിച്ചക്കാരി

[കപ്പിലെ ചായ ഒടുവിലത്തെ തുള്ളിയും വാർത്തു് കുടിച്ചു് കപ്പു താഴെ വെക്കുന്നു.]

മുരുകേശൻ

[പെട്ടന്നു] നിനക്കു കുറച്ചുകൂടി ചായ വേണം ; അല്ലേ?

പിച്ചക്കാരി

[പതുക്കെ] വേണ്ട.

മുരുകേശൻ

വേണം; തീർച്ചയായിട്ടും വേണം. അതെനിയ്ക്കറിയാം. ഈ അപ്പം ചായയില്ലാതെ കഴിക്കാൻ വയ്യ. അല്ലെങ്കിൽ വെണ്ണ വേണം. ഇവിടെ വെണ്ണ കൊണ്ടുവന്നതു തീർന്നിരിയ്ക്കുന്നു.

പിച്ചക്കാരി

എനിയ്ക്കു വേറൊന്നും വേണ്ട. അപ്പം മതി.

മുരുകേശൻ

പോര. അപ്പം തനിച്ചു തിന്നാൻ വയ്യ. വെണ്ണയില്ലാത്തതുകൊണ്ടു ചായതന്നെയാവട്ടെ. [ബദ്ധപ്പെട്ടു അകത്തേക്കു പോകുന്നു.]

പിച്ചക്കാരി

[മുരുകേശനെ കൃതജ്ഞതയോടെ നോക്കുന്നു. എഴുന്നേററു തൊട്ടിലിന്നടുത്തു ചെല്ലുന്നു. അല്പമൊരു പുഞ്ചിരിയോടെ] മോനേ, ചൂടുതട്ടിയപ്പോഴും നിന്റെ മയക്കമൊക്കെ പോയെറാ? നീ കണ്ണുമിഴിച്ചു കിടക്കുകയാണോ? നിന്റെ മഹാഭാഗ്യം. [കുനിഞ്ഞു ചുംബിയ്ക്കുന്നു. മുരുകേശന്റെ കാല്പെരുമാററം കേട്ടു തിരിച്ചു ബെഞ്ചിൽ വന്നിരിയ്ക്കുന്നു.]

മുരുകേശൻ

[ഒരു പാത്രത്തിൽ ചായകൊണ്ടുവന്നു കപ്പിൽ ഒഴിച്ചുകൊടുക്കുന്നു.] അപ്പക്കഷ്ണങ്ങളും അതിൽ മുക്കിത്തിന്നോളൂ.

പിച്ചക്കാരി

[കൃതജ്ഞതയോടെ മുരുകേശനെ നോക്കുന്നു.]

മുരുകേശൻ

ഇനിയും ഇതിൽ ചായയുണ്ട്. അതു കഴിഞ്ഞിട്ടു എടുത്തു ആവശ്യംപോലെ ഒഴിച്ചോളൂ.

പിച്ചക്കാരി

[ഒന്നും മിണ്ടാതെ അപ്പം കഴിയ്ക്കുന്നു. ഇടയ്ക്കു തൊട്ടിലിലേക്കു നോക്കുന്നു.]

മുരുകേശൻ

[ബദ്ധപ്പെടേണ്ട. സാവകാശമായിട്ടു ഇരുന്നു കഴിച്ചോളൂ. കുട്ടിയെ ഞാൻ നോക്കാം. എഴുന്നേററു തൊട്ടിലിന്നടുത്തേക്കു ചെ

ല്പന്നു. കുട്ടിയെ നോക്കി മന്ദഹസിക്കുന്നു.] കുട്ടി ഉണൎന്നുകഴി ഞ്ഞു. ക്ഷീണമെല്ലാം മാറിയിരിയ്ക്കുന്നു. മകനോ മകളോ?

പിച്ചക്കാരി

മകനാണ്.

മുരുകേശൻ

[കുനിഞ്ഞു കുട്ടിയെ നോക്കി ചില ശബ്ദങ്ങളൊക്കെ ഉണ്ടാക്കുന്നു.] മോനെ, മോനെ, ദ്ര. ദ്രാ........[ചുണ്ടുകോട്ടി ശബ്ദമുണ്ടാക്കുന്നു. വിരൽകൊണ്ടു കവിളത്തുതൊടുന്നു. എന്നിട്ടു ചിരിച്ചുകൊണ്ടു്] ദ്രാ. ദ്രാ. അവൻ ചിരിയ്ക്കുന്നു. എന്തേ മോനെ. ദ്രു. ദ്ര. ദ്ര ദ്രാ........ഡാ. ഡ. ഡാ. ഡ........അ. അ. അങ്ങനെ ചിരിക്കു. [പിച്ചക്കാരിയെ നോക്കി.] ഇവനെത്രനന്നായിട്ടു ചിരിയ്ക്കുന്നു! [കൈകാം കൂട്ടിമുട്ടി കാലുപൊക്കി തൊട്ടിലിന്നു ചുററം നൃത്തം വെച്ചു പലവിധ ശബ്ദമുണ്ടാക്കുന്നു.]

ഡാ ഡ ഡാ ഡ, ഡാഡഡസ്ഡു,
ഡാ ഡഡാഡ, ഡാഡഡസ്ഡു
ഡഡഡഡസ്ഡു, ഡസ്ഡുഡാഡ....

[കളി അവസാനിപ്പിച്ചു കുട്ടിയെത്തന്നെ നോക്കിക്കൊണ്ടു്] ആവൂ ആവൂ എന്തൊരു സന്തോഷമാണവന്. അവൻെറ തണുപ്പൊക്കെ പോയി. അവൻ പാലുകടിയ്ക്കില്ലേ?

പിച്ചക്കാരി

അറിഞ്ഞുകൂടാ.

മുരുകേശൻ

അവനിതുവരെ പാലുകൊടുത്തിട്ടില്ലേ?

പിച്ചക്കാരി

[പതുക്കെ] ഇല്ല.

മുരുകേശൻ

കഷ്ടം കഷ്ടം! ഇവനെ പാലുകൊടുക്കാതെയാണോ വളൎത്തുന്നതു്? ഞാനവനിത്തിരി പാലുകൊണ്ടുവന്നുകൊടുക്കട്ടേ? വിരോധമുണ്ടോ?

പിച്ചക്കാരി

എന്തുവിരോധം?

മുരുകേശൻ

[കുനിഞ്ഞു കുട്ടിയോടു് കൊഞ്ചുന്ന ഭാഷയിൽ] ദ്ദേ, ഇപ്പഴ് മോനു് [കുടിയ്ക്കാനെന്നുള്ളതു കൊഞ്ചിപ്പറയുക.] കുച്ചാൻ പാലു കൊണ്ടന്നുതരാം. നല്ലപാലു്. ഏ? ഏ? [കുട്ടിയെ തിരിഞ്ഞുനോക്കിക്കൊണ്ടുപോകുന്നു.]

പിച്ചക്കാരി

[ആൎത്തിയോടെ അപ്പം ചായയിൽ മുക്കി വേഗത്തിൽ തിന്നുന്നു.]

മുരുകേശൻ

[ഒരു ചെറിയ വെള്ളിപ്പാത്രത്തിൽ പാലും ഒരു വെള്ളിക്കരണ്ടിയുംകൊണ്ടുവരുന്നു. തൊട്ടിലിന്നടുത്തു മുട്ടുകുത്തിയിരുന്നു കുട്ടിയ്ക്കു പാലുകൊടുക്കാൻ തുടങ്ങുന്നു. കരണ്ടിയിൽ പാലുമുക്കി കുട്ടിയുടെ വായിലേക്കു കൊണ്ടുചെല്ലുന്നു. ചിരിച്ചുകൊണ്ടു്.] ആ. കുഞ്ഞികള്ളൊ പിടിക്കാൻ പാടില്ല. [കരണ്ടി പൊക്കിപ്പിടിയ്ക്കുന്നു] ഇതു പിടിച്ചാൽ പാലു് മറിഞ്ഞുപോകും. ആ: [വായതുറന്നു കാണിക്കുന്നു.] ഇങ്ങനെ വായ തുറക്കു. [വീണ്ടും കരണ്ടി അടുപ്പിക്കാൻ ശ്രമിയ്ക്കുന്നു. ഉടനെ കൈപൊക്കുന്നു.] പിടിക്കാൻ സമ്മതിക്കില്ല. കള്ളസൂത്രം! സമ്മതിക്കില്ല. [കരണ്ടി കപ്പിൽതന്നെ വെച്ചു് ചിരിച്ചുകൊണ്ടു്] പറഞ്ഞാൽ അനുസരിക്കാത്തവൎക്കു് എന്താണു് ശിക്ഷയെന്നോ? [ഇടത്തുകൈ തൊട്ടിലിൽ കടത്തി കുട്ടിയുടെ രണ്ടുകയ്യും പിടിച്ചു

വെക്കുന്നു.] ഇതാണ് ശിക്ഷ. [വേഗത്തിൽ ഒരു കരണ്ടി പാല് കുട്ടിയുടെ വായിലേക്കു കൊട്ടുക്കുന്നു.] അങ്ങനെ. നല്ല രസമില്ലേ. ഇനി പാലു മുഴവൻ കുടിച്ചുതീരാതെ കൈവിടില്ല. [പാല് വഴിക്കുവഴി മുക്കിക്കൊട്ടുക്കുന്നു.]

**പിച്ചക്കാരി**

[സന്തോഷവും കൃതജ്ഞതയും തുളുമ്പുന്ന കണ്ണുകളോടെ മുരുകേശനെ നോക്കുന്നു.]

**മുരുകേശൻ**

[പരിസരം മറന്നു കുട്ടിയുടെ നേരംപോക്കിൽ ലയിച്ചിരിക്കുകയാണ്.] ഇട്ടാ, ഞാൻ കൈവിടുന്നുണ്ട്. ഇനി ഇതിൽ കേറി പിടിയ്ക്കരുതേ. [കുട്ടി പിടിക്കാൻ ഭാവിക്കുന്നതുപോലെ നടിച്ചു] കള്ളാ, നീ പറഞ്ഞാൽ കേൾക്കില്ലം. [വീണ്ടും കുട്ടിയുടെ കൈ പിടിക്കുന്നു. പാൽ വായിലേക്കു കൊട്ടുക്കുന്നു. എന്നിട്ടു സൂക്ഷിച്ചു നോക്കുന്നു.] എന്താ തുപ്പുന്നതു്? മതിയോ? പോരാ, പോരാ, ഇതാ, ഇതുകൂടി. [ഒരു കരണ്ടി കൂടി ഒഴിച്ചുകൊട്ടുക്കുന്നു.] കള്ളപ്പോക്കിരി നിനക്കുവേണ്ട. നീ തുപ്പികളെയുന്നു. [കരണ്ടി താഴത്തുവെച്ചു മുഖം തുടപ്പിയ്ക്കുന്നു.] ഹായ്........നീയെന്തിനാ ഇങ്ങിനെ ചിരിയ്ക്കുന്നതു്. ഏ? [പിച്ചക്കാരിയെ നോക്കി] അവന്റെ തണുപ്പും ക്ഷീണവുമൊക്കെ മാറി.

**പിച്ചക്കാരി**

[അതിവിനയത്തോടെ] അവന്റെ മഹാഭാഗ്യം. അതാണ് ഞങ്ങളുടെ കണ്ണിൽ പെട്ടതു്.

**മുരുകേശൻ**

അവനു നല്ല കുപ്പായമില്ലേ?

**പിച്ചക്കാരി**

[മിണ്ടാതെ മുഖം താഴ്ത്തിയിരിയ്ക്കുന്നു.]

മുരുകേശൻ

[പിച്ചക്കാരിയെ അടിമുടി നോക്കി] പാവം! നിനക്കു മില്ലല്ലൊ നല്ല ബ്ലൗസും സാരിയുമൊന്നും. എല്ലാം കീറിത്തുലഞ്ഞിരിയ്ക്കുന്നു. [ചായപ്പാത്രം നോക്കി] അല്ലാ, നീ ചായ മതിയാക്കിയോ?

പിച്ചക്കാരി

മതി.

മുരുകേശൻ

കുറച്ചുകൂടികുടിയ്ക്കു. ഈ അപ്പംകൂടി തിന്നു.

പിച്ചക്കാരി

വേണ്ട. എനിയ്ക്കു മതി.

മുരുകേശൻ

ശരി. എന്നാൽ ആ അപ്പം നീയെടുത്തോളൂ. കുറച്ചുകഴിഞ്ഞിട്ടു തിന്നാം.

പിച്ചക്കാരി

വേണ്ട. അതിവിടുത്തെ കുട്ടികൾവേണ്ടി വാങ്ങിയതല്ലേ?

മുരുകേശൻ

ഇവിടുത്തെ കുട്ടിയോ? അങ്ങിനെയുണ്ടോ കുട്ടികൾ. എല്ലാ കുട്ടികളും ഇവിടുത്തേതുതന്നെ.

പിച്ചക്കാരി

[അത്ഭുതത്തോടെ] അപ്പോൾ ഈ തൊട്ടിലും, കൈ....?

മുരുകേശൻ

അതൊക്കെ വാങ്ങുമ്പോൾ കുട്ടിയുണ്ടായിരുന്നു. [വിഷാദംപുരണ്ട ചിരിയോടെ] ആ ദിവസങ്ങളൊക്കെ കഴിഞ്ഞു. അവരെയൊക്കെ ദൈവം തിരിച്ചുവിളിച്ചു.

പിച്ചക്കാരി

[തേങ്ങി] ഓ! ഈശ്വരാ.......ഇവിടെ അങ്ങു തനിച്ചാണോ?

മൃഗകേശൻ

ഈ ഭൂമിയിൽ ആരും തനിച്ചല്ല. [അല്പനേരത്തെ മൌനം] എല്ലാവരും എൻെറ സ്വന്തം ആളുകളാണു്. [അപ്പുറം പറയുന്നതു കേൾക്കാൻ നില്ക്കാതെ ധൃതിപിടിച്ചു അകത്തേക്കു പോകുന്നു.]

പിച്ചക്കാരി

[പറയാൻ തുടങ്ങിയതു പൂർത്തിയാക്കുന്നു.] കഷ്ടം! നല്ല ആളുകൾക്കാണല്ലോ ആപത്തു വരുന്നതു്. [എഴുന്നേററു കുട്ടിയുടെ അടുത്തേക്കു ചെല്ലുന്നു. കുനിഞ്ഞു കുട്ടിയുടെ മുഖത്തു ചുംബിക്കുന്നു.] ദൈവം വലിയവനാണു മോനേ, നീ രക്ഷപ്പെട്ടു. എനിക്കു നിന്നെ തിരിച്ചുകിട്ടി.

മൃഗകേശൻ

[കയ്യിൽ ഒരു സാരി, ഒരു നല്ല ബ്ലൌസ്സ്, കുട്ടിക്കൊരു രോമക്കുപ്പായം, രോമത്തൊപ്പി എന്നിവയൊക്കെ കൊണ്ടുവരുന്നു. കുപ്പായവും തൊപ്പിയുമെടുത്തു്] ഇദ്ദാ ഇതുരണ്ടും അവനാണു്. ഇനി അവനെ പുറത്തുകൊണ്ടുപോവുമ്പോൾ ഈ രോമത്തൊപ്പിയും കുപ്പായവും ഉപയോഗിക്കാൻ മറക്കരുതു്.

പിച്ചക്കാരി

ഇല്ല.

മൃഗകേശൻ

പിന്നെ, ഈ സാരിയും ബ്ലൌസ്സും നിനക്കാണു്. പുറത്തിറങ്ങുമ്പോൾ ഈ കീറിയതൊക്കെ ചുററിവരുന്നതു കഷ്ടമാണു്.

പിച്ചക്കാരി

[രണ്ടും വാങ്ങിക്കൊണ്ടു്] അവിടുത്തെ ദയക്കു്........

മുരുകേശൻ

[പറയാൻ സമ്മതിക്കാതെ] ഒന്നും പറയേണ്ട. ഇതൊക്കെ ഇവിടെയെനിയ്ക്കു ആവശ്യമില്ലാത്ത സാധനങ്ങളാണു്. മനസ്സിലായോ.......നീയിന്നു ഇനി എവിടെ പോകും?

പിച്ചക്കാരി

ആ സത്രത്തിലെങ്ങാനും......

മുരുകേശൻ

ശരി. നിനക്കിഷ്ടമാണെങ്കിൽ പൊയ്ക്കോളൂ. സഹായം വല്ലതും വേണ്ടിവന്നാൽ ഇവിടെ വരാൻ മടിക്കരുതു്. [തൊട്ടിലിന്നടുത്തുചെന്നു കുട്ടിയോടു] ദ്ദ, ദ്ദ, ഇവിടെ നോക്കു്. അതെ. അങ്ങിനെതന്നെ. ഒന്നു ചിരിക്കൂ. മതി. മതി. ധാരാളം. [കുനിഞ്ഞു ചുംബിയ്ക്കുന്നു.] ശരി അവനെ എടുത്തോളൂ........നല്ലോണം മൂടിപുതപ്പിക്കണം [തിരിഞ്ഞുനടക്കുന്നു.]

പിച്ചക്കാരി

[കുട്ടിയെ സാരികൊണ്ടു പുതപ്പിച്ചു തോളിൽ കിടത്തുന്നു. കുപ്പായവും തൊപ്പിയുമൊക്കെ ചുരുട്ടി ഒരുകയ്യിൽ പിടിയ്ക്കുന്നു. എന്നിട്ടു മുരുകേശന്റെ മുമ്പിൽ ചെന്നു മുട്ടുകുത്തുന്നു.] അവിടുത്തെ ദയ എന്റെ കുട്ടിയെ രക്ഷിച്ചു. [തേങ്ങുന്നു.]

മുരുകേശൻ

[കുട്ടിയുടെ തലയിൽ കൈവെച്ചു്] അവൻ നന്നായിവരും. [മാറിനില്ക്കുന്നു.]

പിച്ചക്കാരി

[എഴുന്നേററു നടക്കുന്നു.]

മുരുകേശൻ

നിൽക്കു നിൽക്കു, ഈ പുതപ്പു അവനുള്ളതാണു്. [തൊട്ടിലിലെ പുതപ്പെടുത്തു കൊണ്ടുചെന്നു കുട്ടിയെ മൂടിപ്പുതപ്പിക്കുന്നു.]

പിച്ചക്കാരി

ദൈവമേ, അങ്ങു കരുണയുള്ളവനാണു്. ഇന്നു ഈ വഴിക്കെന്നെ വരാൻ തോന്നിച്ചതും, എന്നെക്കാണാൻ പാകത്തിൽ തൻെറ ജനലിൽക്കൂടി ഈ മഹാശയൻ തെരുവിലേക്കു നോക്കിയതും എല്ലാം അവിടുത്തെ കരുണകൊണ്ടാണു്.

മുരുകേശൻ

[ആവേശത്തോടെ] അതെ. എല്ലാം അവിടുത്തെ കരുണതന്നെ. ഇന്നലെ ആ അശരീരിയുണ്ടായിരുന്നില്ലെങ്കിൽ ഇന്നിതൊന്നും സംഭവിക്കുന്നില്ല. [വേഗത്തിൽ തിരിഞ്ഞുനടന്നു പഴയസ്ഥാനത്തുവന്നു തെരുവിലേക്കു നോക്കിയിരിക്കുന്നു.]

പിച്ചക്കാരി

[പോകുന്നു.]

മുരുകേശൻ

[വീണ്ടും വിചാരമഗ്നനാവുന്നു. തെരുവിലേക്കു നോക്കുന്നു. ആളുകളുടെ ഗതാഗതത്തിനനുസരിച്ചു നോട്ടം ചലിപ്പിക്കുന്നു. ഇടക്കിടക്കു മുഖത്തു ആശയും നിരാശയും മാറിമാറി നിഴലിക്കുന്നു. അല്പം കഴിഞ്ഞുതന്നത്താനൊരോന്നു പിറുപിറുക്കുന്നു.] ഞാനാശിച്ചതു വെറുതെയായി. ഇനിയും വന്നില്ലല്ലൊ...... ഇനി വരുന്ന കാൎയ്യവും സംശയമാണു്. ഞാൻ എൻെറ വീടൊക്കെ വൃത്തിയാക്കിവെച്ചു. അവിടുത്തെ എഴുന്നള്ളത്തിനു കാത്തിരുന്നു.......കഷ്ടം! ഇനിയിന്നു വരുനകാൎയ്യം സംശയമാണു്.

[പെട്ടെന്നു തെരുവിൽനിന്നു വലിയ ബഹളം. ഒരു കിഴവി ശ്രുണ്ടിയെടുത്തു ശകാരിയ്ക്കുന്നതും ഒരു കുട്ടി ഭയപ്പെട്ടു നിലവിളിയ്ക്കുന്നതുമായ ശബ്ദം ശരിയ്ക്കു കേൾക്കാം.]

**മുരുകേശൻ**

[ബഹളംകേട്ടു് സ്ഥലത്തേക്കു നോക്കുന്നു.]

**കിഴവി**

[തെരുവിൽനിന്നു്] എടാകള്ളാ. നിന്നെ ഞാൻ വിടില്ല.

**കുട്ടി**

[തെരുവിൽനിന്നു] അയ്യോ എന്നെ വിടണെ.

**കിഴവി**

നിന്നെ പൊല്ലീസ്സിലേല്പിയ്ക്കും. പച്ചാപ്പകൽ കക്കുന്ന കള്ളൻ.

**കുട്ടി**

അയ്യോ. വിശന്നിട്ടെടുത്തതാണെ.

**കിഴവി**

വിശന്നിട്ടോ. വിശന്നാൽ മററുള്ളവരേതു കക്കുകയാണോ? നടക്കു് പൊല്ലീസ്സുകാരുടെ മുമ്പിലേക്കു്.

**കുട്ടി**

അയ്യോ. എന്നെ വിടണേ.

**കിഴവി**

കള്ളനായേ......നടക്കു്.

**മുരുകേശൻ**

[പെട്ടന്നു് എഴുനേററ് ശബ്ദംകേട്ട ഭാഗത്തേക്കു നോക്കി ഉറക്കെ] മുത്തശ്ശീ, അരുതു്, അവനെ തല്ലരുതു്. [ഓടി തെരുവിലേക്കു പോകുന്നു. അല്പം കഴിഞ്ഞു കിഴവിയും കുട്ടിയും മു

രുകേശനും വരുന്നു. കിഴവി കുട്ടിയുടെ കുപ്പായത്തിൽ കേറി പിടിച്ചിരിയ്ക്കയാണ്. കിഴവിയുടെ കൊട്ടയും മറവും മുരുകേശനാണ് ചുമന്നതു്. കിഴവി കോപംകൊണ്ടു വിറയ്ക്കുന്നു.]

കിഴവി

ഇവനെ...ഇവനെ...തല്ലി പല്ലുകൊഴിക്കണം.

കുട്ടി

[പേടിച്ചു ചൂളുന്നു.]

മുരുകേശൻ

[കൊട്ട ബഞ്ചിൽ ഇറക്കിവെച്ചു്] വരട്ടെ മുത്തശ്ശി, എന്താണുണ്ടായതു്?

കിഴവി

ഉണ്ടായതോ? ഇവൻ കള്ളനാണു്; കട്ടു, അതുതന്നെ.

മുരുകേശൻ

ഉണ്ടായ സംഭവം പറയൂ മുത്തശ്ശി. ഇതാ ഇവിടെ ഈ നെരിപ്പോടിനടുത്തു ഇരുന്നുകൊണ്ടു വിവരിച്ചു പറയൂ.

കിഴവി

ഇരിയ്ക്കാൻ വയ്യ. വിട്ടാൽ ഇവനോടിപ്പോകും.

മുരുകേശൻ

ഇല്ല മുത്തശ്ശി, അവനെ വിട്ടോളൂ ഓടിപ്പോവില്ല.

കിഴവി

ഏയ് പാടില്ല. ഇവൻ തിരിമുറിച്ച കള്ളനാണ്.

മുരുകേശൻ

ഇരിയ്ക്കട്ടെ മുത്തശ്ശി, ഒക്കെ സാവകാശത്തിൽ പറയാം. അവിടെ ഇരുന്നു കാച്ചു തീക്കായൂ.

**കിഴവി**

തീകാഞ്ഞാൽ വേണ്ടില്ലെന്നുണ്ട്. ഇവനെ വിട്ടാൽ.. .......

**കുട്ടി**

[ദയനീയമായി] ഞാൻ ഓടിപ്പോവില്ല.

**മുരുകേശൻ**

ശരിയാണ്. അവനോടിപ്പോവില്ല.

**കിഴവി**

നിങ്ങൾക്കവനെ അറിയാഞ്ഞിട്ടാണ്. മഹാകള്ളൻ.

**മുരുകേശൻ**

ഞാനേററു; അവനോടിപ്പോവില്ല.

**കിഴവി**

എനിക്കവനെ പൊല്ലീസ്സിലേല്പിക്കണം. അവരുടെ കൈകൊണ്ടു ഇവൻെറ പിരടിയ്ക്കു നല്ല കണക്കിൽ നാലുകിട്ടണം. എന്നല്ലാതെ ഇവൻ പഠിക്കില്ല.

**മുരുകേശൻ**

ഒക്കെ വേണ്ടപോലെ ചെയ്യാം. എന്താണുണ്ടായതെന്നു മുത്തശ്ശി പറയൂ.

**കിഴവി**

ഞാനിവനെ വിടട്ടെ?

**മുരുകേശൻ**

വിട്ടോളൂ.

**കിഴവി**

നിങ്ങളേൽക്കണം. ഓടിപ്പോവരുതു്.

**മുരുകേശൻ**

ഞാനേല്ക്കുന്നു; അവനോടിപ്പോവില്ല.

**കിഴവി**

[കുട്ടിയെ വിട്ടു ബെഞ്ചിൽ ചെന്നിരുന്നു തീ കായുന്നു. കുട്ടിയും നെരുപ്പോടിന്റെ സമീപം ചെന്നുനില്ക്കുന്നു. ഭയന്നുകൊണ്ടു രണ്ടുപേരേയും നോക്കുന്നു.]

**മുരുകേശൻ**

മുത്തശ്ശി പറഞ്ഞില്ലല്ലൊ. എന്താണുണ്ടായതു്.

**കിഴവി**

അതോ. ഞാൻ പഴം വിററു നടക്കുന്നവളാണു്. ഈ കൊട്ട നിരത്തിൽ വെച്ചിട്ടു ഞാൻ രണ്ടു ചുള്ളിവിറകു പൊട്ടിക്കുകയായിരുന്നു. ആ തക്കം നോക്കി എന്റെ കൂട്ടയിൽനിന്നു ഈ കള്ളനൊരു പഴം കട്ടുതിന്നു.

**കുട്ടി**

[ദയനീയമായി] വിശന്നിട്ടെടുത്തതാണു്.

**കിഴവി**

ആഹാ വിശന്നാൽ കട്ടുതിന്നണോ? ഇവററയ്ക്കൊക്കെ നല്ല കണക്കിൽ കിട്ടണം. എന്നാലേ പഠിക്കു.

**കുട്ടി**

ഇന്നു ഒരു സാധനം കഴിച്ചിട്ടില്ല. വിശന്നു പൊറുക്കാഞ്ഞിട്ടു ചെയ്തതാണു്.

**കിഴവി**

എടാ, കള്ളാ, പൊല്ലീസ്സുകാരുടെ കയ്യിൽ കിട്ടുമ്പോൾ നിന്റെ വിശപ്പു താനേ മാറിക്കൊള്ളും.

**കുട്ടി**

അയ്യൊ. എന്നെ പൊല്ലീസ്സിലേല്പിയ്ക്കരുതേ! [കരഞ്ഞു] അവരെന്നെ തല്ലിക്കൊല്ലും. [ഓടാൻ ഭാവിക്കുന്നു]

മുരുകേശൻ

[അവനെ പിടിയ്ക്കുന്നു.] മുത്തശ്ശീ, ഇവനൊരു സാധുവാണ്. മാപ്പുകൊടുക്കു.

കിഴവി

ഇവന്നു മാപ്പു കൊടുക്കേണ്ടതു പൊല്ലീസ്സുകാരാണ്.

മുരുകേശൻ

വിശന്നിട്ടെടുത്തതാണെന്നല്ലേ പറയുന്നതു്.

കിഴവി

എന്തുകൊണ്ടെടുത്തതായാലും! കള്ളന്മാരെ കിട്ടിയാൽ പൊല്ലീസ്സിലേല്പിക്കണം.

മുരുകേശൻ

വേണ്ടതാണ്. പക്ഷെ ഇവനൊരു കുട്ടിയല്ലേ? കുട്ടികളോടു ദയ വിചാരിയ്ക്കണ്ടേ?

കിഴവി

ഇല്ലില്ല. ഞാൻ ദയ വിചാരിക്കില്ല.

മുരുകേശൻ

[കുട്ടിയോടു്] എടോ നീയീമുത്തശ്ശിയുടെ പഴം കട്ടില്ലേ?

കുട്ടി

ഉം.

മുരുകേശൻ

കക്കാൻ പാടുണ്ടോ? നീ തെററല്ലേ ചെയ്തതു്?

കുട്ടി

അതെ. വിശന്നു സഹിക്കാഞ്ഞിട്ടു ചെയ്തതാണ്.

മുരുകേശൻ

ആട്ടെ, അതെന്തായാലും ചെയ്ത തെററിന്നു നീ മാപ്പു ചോദിയ്ക്കണം. മുത്തശ്ശിയോടു മാപ്പു ചോദിക്കു.

കുട്ടി

[മുട്ടുകുത്തിനിന്നു് കരഞ്ഞുകൊണ്ടു്] ഞാൻ അറിയാതെ ചെയ്തതാണു്. എനിയ്ക്കു മാപ്പുതരണം മുത്തശ്ശീ.

കിഴവി

[മുഖം വീപ്പിച്ചിരിക്കുന്നു.]

മുരുകേശൻ

[കൊട്ടയിൽ നിന്നു ഒരു പഴമെടുത്തു അവനു കൊടുക്കുന്നു.] ഇതുകൂടി തിന്നോളൂ.

കുട്ടി

[പഴം വാങ്ങി ആർത്തിയോടെ തിന്നുന്നു.]

കിഴവി

[കോപത്തോടെ] നിങ്ങളെപ്പോലുള്ളവരാണു് ഇത്തരം കുട്ടികളെ ചീത്തയാക്കുന്നതു്. കണ്ടില്ലേ ആ കള്ളന്റെ മുഖം. ഇപ്പോഠം വ്യസനവും കരച്ചിലുമൊക്കെ മാറി.

മുരുകേശൻ

സാരമില്ല മുത്തശ്ശീ.

കിഴവി

എന്തു സാരമില്ലെന്നു. തല്ലി കാലും കയ്യും ഒടിച്ചിടണം. അനങ്ങാൻ സാധിക്കരുതു്.

മുരുകേശൻ

മുത്തശ്ശീ, മുത്തശ്ശിയുടെ വാദം ശരിയാണു്. പക്ഷെ, ഒരു കാര്യം ഓക്കണം. ദൈവത്തിന്റെ ദൃഷ്ടിയിൽ അതു ശരിയാകുമോ?

കിഴവി

ദൈവത്തിനു കള്ളന്മാരെ ഇഷ്ടമാണോ?

മുരുകേശൻ

പറയുന്നതു മുഴുവൻ കേൾക്കു മുത്തശ്ശി, ഒരു പഴം കട്ടതിനാണു് ഈ കുട്ടിയുടെ കാലും കയ്യും തല്ലി ഒടിയ്ക്കണമെന്നു മുത്തശ്ശി പറഞ്ഞതു്. എന്നാൽ നമ്മളോരോരുത്തരും ദിവസേന ചെയ്യുന്ന പാപത്തിനു് എന്തല്ല ശിക്ഷയായി കിട്ടണം. നമ്മുടെ ഈ, രണ്ടു കാലും കയ്യും പോരല്ലൊ തല്ലി ഒടിയ്ക്കാൻ. അത്രയധികം പാപം നമ്മൾ ചെയ്യുന്നില്ലേ. വിശേഷിച്ചു് ഇവനൊരു കുട്ടി. വിവേകബുദ്ധി ഉദിക്കാത്തവൻ. ഇവന്റെ തെററ നാം ക്ഷമിക്കേണ്ടതല്ലേ?

കിഴവി

[അല്പമൊരു ജാള്യതയോടെ] അതു ശരിയാണു്. എന്നാലും—

മുരുകേശൻ

ഇത്തരം കുട്ടികൾ തെററ ചെയ്യുമ്പോൾ അവരെ ഉപദേശിച്ചു നന്നാക്കലല്ലേ നമ്മുടെ ചുമതല. മുത്തശ്ശിയ്ക്കുമില്ലേ മക്കളും മക്കളുടെ മക്കളുമൊക്കെ?

കിഴവി

ഉണ്ടല്ലൊ. ഞാൻ ഏഴു പ്രസവിച്ചു. ആറിനേയും ഉടയതമ്പുരാൻ മടക്കിയെടുത്തു. ബാക്കിയുള്ള ഒരു മകൾക്കു മൂന്നുനാലു കുട്ടികളുണ്ടു്. അവരാണെന്റെ സുഖം.

മുരുകേശൻ

അപ്പോൾ കുട്ടികൾ മുതിന്നവരുടെ സുഖമാണു്; അല്ലേ?

കിഴവി

അതെ.

മുരുകേശൻ

ഇവനും ഒരു കുട്ടിയല്ലേ, മുത്തശ്ശി.

കിഴവി

[അസ്വാസ്ഥതയോടെ] അതതെ. കുട്ടിതന്നെ. നന്നായാൽ അവനവനു നന്ന്. [എഴുന്നേല്ക്കുന്നു.] ദൈവം അവനു നല്ല വഴി കാണിയ്ക്കട്ടെ. എനിയ്ക്കവനോടു വിരോധമൊന്നുമില്ല.

മുരുകേശൻ

വരട്ടെ, മുത്തശ്ശി, അവൻ ആദ്യമെടുത്തതും പിന്നീടു ഞാനെടുത്തതും കൂടി രണ്ടു പഴം. അതിനെന്താണ് വില?

കിഴവി

ഒന്നും വേണ്ട. ഹേയ്! വേണ്ട. അതു എൻെറ പേരക്കുട്ടികളും തിന്നതായിട്ടു ഞാൻ കണക്കാക്കും. [കൊട്ടയെടുക്കാൻ തുടങ്ങുന്നു.]

കുട്ടി

[മുഖത്തെ കണ്ണീരു കുപ്പായത്തിൻെറ അററംകൊണ്ടു തുടച്ച് ഓടി കിഴവിയുടെ അടുത്തു ചെല്ലുന്നു.] മുത്തശ്ശി, കൊട്ട ഞാൻ ചുമന്നുകൊള്ളാം; നിരത്തിലുള്ള വിറകുകെട്ടും. രണ്ടും ഞാൻ മുത്തശ്ശിയുടെ വീട്ടിലെത്തിച്ചുതരാം.

കിഴവി

[അത്ഭുതത്തോടെ കുട്ടിയെ നോക്കുന്നു.]

കുട്ടി

[കൊട്ട തലയിലേററി മുമ്പേ നടക്കുന്നു.]

മുരുകേശൻ

[അല്പമൊരു ചിരിയോടെ] അവൻ നന്നാവട്ടെ മുത്തശ്ശി; എന്താ?

**കിഴവി**

തീച്ച്യയായും.

[കിഴവിയും കുട്ടിയും പോകുന്നു. മുരുകേശൻ അവരെത്തന്നെ നോക്കിനില്ക്കുന്നു. അല്പം കഴിഞ്ഞു പഴയ സ്ഥാനത്തു വന്നിരിക്കുന്നു.]

**മുരുകേശൻ**

ഇന്നു എന്തൊരാശ്വാസമാണു്. ഒരാൾ മാത്രം ഇനിയും വന്നില്ല. പക്ഷെ, പലരും ഇന്നിവിടെ വന്നു. പലരേയും എനിക്കു സഹായിക്കാൻ കഴിഞ്ഞു. അതു തന്നെ ഒരാശ്വാസം. മതി. ഇനി ഇന്നു ഈ കാത്തിരിപ്പിന്നു അത്ഥമില്ല.

[എഴുന്നേല്ക്കുന്നു. അകത്തേക്കു പോകുന്നു. കുറച്ചു ചായയും അപ്പവും കൊണ്ടുവരുന്നു. അതു കഴിക്കുന്നു. പാത്രങ്ങളൊക്കെ അകത്തു കൊണ്ടുചെന്നു വെക്കുന്നു. തിരിച്ചുവന്നു പുരാണഗ്രന്ഥവുമെടുത്തു കട്ടിലിൽ കേറി മലൎന്നുകിടന്നു വായന തുടരുന്നു.

പഞ്ചഭൂതാത്മകം ദേഹമേററം ജഡം
സഞ്ചിതം ത്വങ്മാംസരക്താസ്ഥികൊണ്ടെടോ.
നിശ്ചേഷ്ടകാഷ്ഠതുല്യംദേഹമോക്കനീ
നിശ്ചയമാത്മാവു ജീവൻ നിരാമയൻ.
ഇല്ല ജനനം മരണവുമില്ലകേ-
ളല്ലലുണ്ടാകായ്കതു നിനച്ചേത്തുമേ
നില്ക്കയുമില്ല നടക്കയുമില്ല കേൾ
ദുഃഖവിഷയവുമല്ലതുകേവലം.....

ക്രമേണ സ്വരം താണു താണു വരുന്നു. ഗ്രന്ഥം അടച്ചുവെച്ചു് കൈകൂപ്പി പ്രാത്ഥിക്കുന്നു. വിളക്കിലെ തിരി താഴ്ത്തി ഉറങ്ങാൻ കിടക്കുന്നു.

സമയം കഴിയുംതോറും രംഗത്തെ വെളിച്ചം കുറഞ്ഞുകുറഞ്ഞുവരുന്നു. നേരിയ ഇരുട്ടു പരക്കുന്നു. വിദൂരതയിൽനിന്നു നേൎത്തൊരു വേണുഗാനം പതുക്കെപ്പതുക്കെ ഉയൎന്നുവരുന്നു. അതു അടുത്തടുത്തുവന്നു വ്യക്തമായി മുഴങ്ങുന്നു. രംഗം മുഴുവനും ഒരു പുതിയ പ്രകാശം പരക്കുന്നു. ഉറങ്ങുന്ന മുരുകേശന്റെ മാൎത്തടം ചുരുങ്ങുകയും വീൎക്കുകയും ചെയ്യുന്നതു വ്യക്തമായി കാണാം. തെല്ലിട നിശ്ശബ്ദത. തുടൎന്നു പശ്ചാത്തലത്തിൽ അത്യാനന്ദകരമായ അവസ്ഥയെ സൂചിപ്പിക്കുന്ന സംഗീതം. അതിന്റെ അവസാനത്തിൽ ശാന്തഗംഭീരമായ സ്വരത്തിൽ ഒരു വിളികേൾക്കുന്നു:]

മുരുകേശാ, മുരുകേശാ,...നിനക്കെന്നെ മനസ്സിലായില്ലേ?

[കിടന്നകിടപ്പിൽ ശരീരം ഇളകാതെ അവ്യക്തഭാഷയിൽ മുരുകേശൻ ചോദിക്കുന്നു.] ആരാണു്? ആരാണു്?

[വീണ്ടും അതേ ശബ്ദം.]

“ഞാനാണു്; ഞാൻ”.

[തുടൎന്നു പശ്ചാത്തലസംഗീതം ഉച്ചത്തിൽ മുഴങ്ങുന്നു. അതിന്റെ അവസാനത്തിൽ കയ്യിൽ ചൂലുംപിടിച്ചുകൊണ്ടു തൂപ്പുകാരൻ തേവൻ വരുന്നു. മന്ദഹസിച്ചുകൊണ്ടാണു് വരുന്നതു്. പതുക്കെ മുരുകേശന്റെ കട്ടിലിന്നരികിൽ വന്നുനിന്നു കുനിഞ്ഞുകൊണ്ടു ചോദിക്കുന്നു.]

“എന്നെ മനസ്സിലായില്ലേ?”

[അതു ചോദിച്ചുകഴിഞ്ഞു് പതുക്കെ മറുഭാഗത്തുകൂടെ പോകുന്നു. തുടൎന്നു പശ്ചാത്തലസംഗീതം ഉച്ചത്തിലാവുന്നു. മുരുകേശന്റെ ശ്വാസഗതി വേഗത്തിലാവുന്നുണ്ടു്. ശരീരം സാവകാശത്തിൽ ചലിക്കുന്നുണ്ടു്. പശ്ചാത്തലസംഗീതം നിലച്ചപ്പോൾ രംഗത്തിന്റെ ഒരു മൂലയിൽ പിച്ചക്കാരി തോളിൽ കുട്ടിയെയും കിടത്തി മന്ദഹസിച്ചുകൊണ്ടു പ്രത്യക്ഷപ്പെടുന്നു. പിച്ചക്കാരി

മുരുകേശൻ നല്കിയ നല്ല വസ്ത്രങ്ങളാണണിഞ്ഞതു്. പതുക്കെ അടിവെച്ചടിവെച്ച് മുരുകേശൻെറ കട്ടിലിന്നരികിൽ വരുന്നു. കുനിഞ്ഞുനിന്നു സ്നേഹമധുരമായ സ്വരത്തിൽ ചോദിക്കുന്നു:]

"ഞങ്ങളെ മനസ്സിലായില്ലേ?"

[ചോദിച്ചുകഴിഞ്ഞു മറുഭാഗത്തേക്കു പതുക്കെ നീങ്ങി അപ്രത്യക്ഷമാകുന്നു. പശ്ചാത്തലസംഗീതം ഉച്ചത്തിൽ മുഴങ്ങുന്നു. അതിൻെറ അവസാനത്തിൽ പൊട്ടിപ്പൊട്ടിച്ചിരിച്ചുകൊണ്ടു കിഴവിയും കുട്ടിയും കൈ കോർത്തുപിടിച്ചു വരുന്നു. കട്ടിലിന്നരികിൽ വന്നു ആദ്യം വൃദ്ധ ചോദിക്കുന്നു:]

"എന്നെ മനസ്സിലായോ?"

[പിന്നീടു കുട്ടി ചോദിക്കുന്നു:]

"എന്നെ മനസ്സിലായോ?"

[രണ്ടുപേരും പൊട്ടിച്ചിരിച്ചുകൊണ്ടു പോകുന്നു. പശ്ചാത്തലസംഗീതം ഉച്ചത്തിലാവുന്നു. അതവസാനിക്കുമ്പോഴും വേണനാദം ഉയരുന്നു. അതു അകന്നകന്നു പോകുംതോറും രംഗത്തിലെ പ്രകാശം പതുക്കെ മായുന്നു. പഴയപടി നേരിയ ഇരുട്ടു പരക്കുന്നു. മുരുകേശൻെറ ശ്വാസഗതി വേഗത്തിലാവുകയും ഞെട്ടിയുണർന്നു എഴുന്നേററിരിക്കുകയും കണ്ണു തിരുമ്മി ചുററും നോക്കുകയും ചെയ്യുന്നു. എന്നിട്ടു് കൈകൂപ്പി പ്രാർത്ഥിക്കുന്നു. ഗദ്ഗദസ്വരത്തിൽ പറയുന്നു:]

"പ്രഭോ, പ്രഭൊ, അങ്ങയെ ഞാൻ ഇപ്പഴേ മനസ്സിലാക്കിയുള്ളൂ. എവിടെ സ്നേഹമുണ്ടോ അവിടെ അങ്ങുണ്ടു്. അല്ലെങ്കിൽ അങ്ങു സ്നേഹമാണു്."

[പുരാണമെടുത്തു തുറന്നു ഭക്തിമയസ്വരത്തിൽ വായിക്കുന്നു.]

യവനിക

# ദൈവം സ്നേഹമാണ്

★

ടോൾസ്റ്റോയ് കഥകളുടെ പ്രശസ്തിയെപ്പററി ആരും ആരോടും ഒന്നും പറഞ്ഞുകേൾപ്പിക്കേണ്ടതായിട്ടില്ല. അവയിലൊന്നിനെ അവലംബിച്ചു കുട്ടികൾക്കായി എഴുതിയിട്ടുള്ള

നാടകം

| രചയിതാവ് | വില |
|---|---|
| പി. കെ. നായർ | 0-8-0 |

പ്രതീക്ഷിക്കുക

# പ്രേതഭൂമി

★

കുട്ടികൾക്കുള്ള മറെറാരു നാടകം

## പ്രസിദ്ധമായ ആ

സ്വപ്നാത്മകസംഗീതനൃത്യനാടകം

| രചയിതാവ് | വില |
|---|---|
| ജോബി | 0-8-0 |

കേരള ബുക്കു് ഡിപ്പോ : കോഴിക്കോടു് –1

DC Library
*00007174*
T62 N14

# ദൈവം

# [illegible]

പി. കെ. നായർ

കേരള ബുക്ക് ഡിപ്പോ പ്രസിദ്ധീകരണം

T62
N14